# ഒരു കുരുന്നു ഹൃദയവും കുറെ പ്രതീക്ഷകളും......

പി. വി. ഭാസ്കരൻ, I B. Sc.



സ്കൂള് വിടാനുള്ള ബെല്ലടിച്ച ഉടനെ ഓടിയതാണ്. ഇതുവരേയും ഓടി. വല്ലാതെ കിതക്ക്ണ്. ഇപ്പളും കിതപ്പ് മാറിയിട്ടില്ല. എന്നിട്ട് ഇവിടെത്തിയപ്പം അമ്മ പറയ്ണ് കേട്ടില്ലേ?

“കാപ്പിക്ക് വെള്ളം വെച്ചിട്ടേള്ളു. ഗ്ലാസെടുത്ത് പാല് വാങ്ങിക്കൊണ്ട്ര്വാ”ന്ന്.

എന്നെക്കൊണ്ട് വയ്യ. അച്ഛൻ എപ്പോഴും പറയുന്നതാണ് “കുട്ട്യോളെ ബുദ്ധിമുട്ടിക്കരുത്. നളിന്യെ എന്തും പറഞ്ഞയക്കണ്ട” എന്ന്. എന്നിട്ട് ഇപ്പോൾ അമ്മ പറയ്ണ് കേട്ടില്ലേ ! അച്ഛൻ ഇപ്പോൾ ഇവിടില്ല്യല്ലോ. അതുതന്നെയാണിങ്ങനെ പറയുന്നതും. ഈ അച്ഛനൊന്ന് വേഗം വരാൻ.

നളിനിക്ക് വല്ലാതെ വിശക്കുന്നുണ്ടായിരുന്നു. ബെല്ലടിച്ച ഉടനെ തോന്നിയതാണ് കാപ്പിയുടേയും, ദോശയുടേയും വിചാരം. സ്ലേറ്റും പുസ്തകവും വാരിയെടുത്ത് അപ്പോളോടിയതാണ് വീടുവരെ. എന്നിട്ട് ഇപ്പോൾത്തന്നെ പാലിനു പോകാൻ. ഇന്ന് പോയിട്ടില്ലെങ്കിൽ എന്താ വര്വാ ന്നറിയാലൊ.

“നളിന്യേ, നിയ്യ് പറഞ്ഞത് കേൾക്ക്ണ്ണ്ടോ?” അമ്മ കൊറച്ച് കനത്തിലാണ് പറഞ്ഞത്. ഇനിയത്തെ പ്രാവശ്യം ഇറയിലുള്ള ആ നീണ്ട ചൂരലുംകൊണ്ടാ പറയ്യാ. നളിനി ഗ്ലാസെടുത്തു നടന്നു.

പാലയ്ക്കലെത്തിയപ്പോൾ സാവിത്രി ഏട്ടത്തി സ്കൂൾ വിട്ടുവന്ന് ചോറുണ്ണുകയാണ്. ഒരു ഗ്ലാസിലുണ്ട് നിറയെ മോര് ഇരിക്കുന്നു.

“നളിനി ചോറുണ്ണാൻ വര്വാ...” ഏട്ടത്തി വിളിച്ചു.

“വേണ്ട.”

വേണമെന്ന് പറയാനാ തോന്നിയത്. പക്ഷെ പറയുന്നത് കുറച്ചിലല്ലേ? അമ്മ പറഞ്ഞിട്ടുണ്ട് വേണോന്ന് ചോദിച്ചാൽ വേണ്ടാന്നേ കുട്ടികള് പറയാൻ പാടുള്ളൂന്ന്. അല്ലാത്ത കുട്ടികള് നുണച്ചികളാണ്. സാവിത്രിഏട്ടത്തി വിളിച്ചു. പോയില്ല. എനിക്കത്ര നൊണയൊന്നൂല്ല്യ. വല്ലാതെ വിശക്കുന്നുണ്ടേന്നേള്ളൂ. സാവിത്രി ഏട്ടത്തിക്ക രാവിലെ ചോറ് കൊണ്ടോവുംവേണം വൈകുന്നേരം വരുമ്പോളും വേണം. ആ നീണ്ട ഹൈസ്കൂളിലാണ് സാവിത്രി ഏട്ടത്തി പഠിക്കുന്നത്. അധികം പഠിക്കാൻ ഉള്ളതുകൊണ്ടാവും അങ്ങനെ. എനിക്കും ബാലനും ഉച്ചക്ക് കഞ്ഞിയും വൈകുന്നേരം കാപ്പിയുമല്ലേ? ഇനി അത് പറ്റില്ല. ഞങ്ങൾക്കും ചോറ് വേണംന്ന് അച്ഛനോട് പറയണം. അമ്മ ഇന്നാള് പറഞ്ഞത് “നമ്മളൊക്കെ സാധുക്കളല്ലേ. അവരങ്ങനെ ചെയ്തോട്ടെ” എന്നാണ്.

“നാമം ചൊല്ല്ണില്ല്യേ നളിന്യേ. ബാലനും ചൊല്ലിക്കൊടുക്ക്.” അമ്മയുടെ കല്പനയാണ്. ചെയ്തില്ലെങ്കിൽ രണ്ടാമത് പറയുന്നത് ചൂരലുംകൊണ്ടാണ്.

കുട്ടേട്ടൻ കോളേജിൽനിന്ന് കൊണ്ടോന്ന ആ നീണ്ട പുസ്തകം ഒന്നു നോക്കട്ടെ. ബാലൻ ഒറക്കം തൂക്കിത്തുടങ്ങി.

നല്ല ചിത്രം. ആണുങ്ങളും പെണ്ണുങ്ങളും ഫുട്ബോളും, ബേറ്റും കളിക്കുന്നത്. വേഗം നോക്കണം. അല്ലെങ്കിൽ കുട്ടേട്ടൻ കണ്ടുംകൊണ്ട് വന്നാൽ മുട്ട് കൊള്ളും അതു സഹിക്കാം. പിന്നെ ചെവി

പിടിച്ച് തിരുമ്മിയാലാണ് വല്ലാത്ത വേദന. ഒരു പുകച്ചിലും ഉണ്ടാവും. വല്യ പവറ്കാരനാണ്. രാവിലെ എത്രനേരാണ് കോളേജിൽ പോവാൻ ഒര്ക്കം. ഇസ്ത്രിഷട്ടിട്ട്, പൌഡറിട്ട് വര മീശ പെൻസിലുകൊണ്ട് തെളിച്ച് വരച്ചാണ് പുറത്തേക്കിറങ്ങുന്നത്. കയ്യ് മടക്കി മടക്കി തോളിലെററം മടക്കണം. "ഇത് മുഴവൻ മടക്ക്ാണെങ്കി അടിപ്പിക്കുമ്പോതന്നെ മുറിക്കയ്യാക്കാര്ന്നില്ലേ" എന്ന് അമ്മ ഇന്നാള് ചോദിച്ചപ്പോ പറയ്യ്യാണ് "ഇതൊക്കെ ഫേഷനല്ലെ" എന്ന്. വല്ലാത്തൊര് ഫേഷനും! കേശവേട്ടൻ ഇന്നാള് കാത്തുനിന്നു മട്ടത്തിട്ട് വന്ന് ചോദിക്കാണ് "മെയ്ക്കപ്പ് കഴിഞ്ഞില്ലേ മിസ്റ്റർ" എന്ന്. അപ്പൊ മെയ്ക്കപ്പ് എന്നാ അതിന്ന് പറയ്ാ.

ഇന്ന് അച്ഛൻ ഫീസുകൊടുക്കാഞ്ഞിട്ട് കരഞ്ഞുകൊണ്ടാ കോളേജിൽ പോയത്. പണം ഇല്ലാഞ്ഞിട്ടല്ലേ അച്ഛൻ കൊടുക്കാഞ്ഞത്. പിന്ന്യന്തിനാ കരയണ്. കോളേജിൽ പഠിക്ക്ണോരൊക്കെ കരയുന്നത് കൊറവ്തന്നെ. ഞാൻ മൂന്നാം ക്ലാസിലല്ലേ. എന്നിട്ട് അച്ഛൻ ഇന്നാള് റിപ്പബ്ലിക്കിന്ന് അണ തരാഞ്ഞിട്ട് ഞാൻ കരഞ്ഞില്ലല്ലോ? കുട്ടേട്ടന് ധൈര്യല്ല. അത്തന്നെ.

"നിനക്കറിഞ്ഞൂടെ കുട്ടാ, കടംകൂടി ഇനി എങ്ങനും കിട്ടില്ല." എന്ന് പറഞ്ഞപ്പോം അച്ഛൻ കരയാറായിരുന്നു.

"ഇന്ന് അവസാനത്തെ ദിവസമാണ്. ഇന്ന് പൊറത്താക്ക്യാൽപിന്നെ പോവാൻ പററില്ല."

"എന്താ ചെയ്യേണ്ടു. ഞാൻ ഒര് വഴിം നോക്കിട്ട് കാണ്ണില്ല്യ. പറമ്പ് തീര്കൊട്ത്തിട്ടല്ലേ നിനക്കീ പണൊക്കെ തന്നത്. ഒരു കൊല്ലംകൂടി ഇനി കഴിയണ്ടേ. ഇനി പറമ്പിൻെറ കാര്യം എന്താന്നാവോ. മൊതലാളി ഇന്നൊന്നു കാണണംന്ന് പറഞ്ഞയച്ചിര്ന്ന്."

പാവം അച്ഛനും അതു പറയുമ്പം വ്യസനം ഉണ്ടായിരുന്നു. പെയ്യാൻ വരുന്ന മഴക്കാറുപോലായിരുന്നു അപ്പോം മുഖം. തോർത്തുകൊണ്ട് മുഖം തുടച്ച് അച്ഛൻ വേഗം അകത്തേക്കു പോയി.

ഒരു കുട്ടി കണ്ടോ ചാടണ്. നല്ല പാവാടയാണ്. ഇത് സില്ക്കാവും. എനിക്കൊര് സില്ക്ക്പാവാട വാങ്ങിത്തരാൻ എത്രയായി അച്ഛനോട് പറയ്ണ്. 'അതൊക്കെ വാങ്ങാം ഇക്കൊല്ലം ജയിച്ചാല്' എന്നാ അച്ഛൻ ഇന്നാള് പറഞ്ഞത്. ഇപ്പോം ഞാൻ ജയിച്ചില്ലേ. ഇനി ഒന്നുകൂടി പറഞ്ഞുനോക്കണം. എന്നാലും പറയാൻമതി ഇക്കൊല്ലം ജയിക്കട്ടെ എന്ന്. കുട്ടേട്ടന്നാണെങ്കിൽ അച്ഛൻ എത്രയാണ് വാങ്ങിക്കൊടുക്കുന്നത്. എത്ര ഷർട്ടും മുണ്ടുമാണുള്ളത്. ഇന്നാള് കൊറേ ഉറുപ്പിക കേളുമുതലാളിയോടാ വാങ്ങിക്കൊടുത്തത്. ഫീസുകൊടുക്കാനാണെന്നു പറഞ്ഞു. എത്ര ഉറുപ്പികയായി ഇപ്പോളങ്ങനെ കൊട്ക്ക്ണ്. ഒര് തൊള്ളായിരം ഉണ്ടാവും, ഇന്നാള് മേശപ്പുറത്ത്വെച്ച നോട്ടുകള്. അത് കൊടുത്തപ്പോം വല്യ പവറ്കാരനായി കുട്ടേട്ടൻ അങ്ങട്ട് ഇറങ്ങിപ്പോയി. കുറച്ച് ദിവസം കഴിഞ്ഞപ്പോം പിന്നേയും ചോദിക്കുന്നു കേട്ടു കാശ്. പിന്നിതാ ഇന്നും. എന്തിനാ കുട്ടേട്ടനിത്രയധികം പണം? എനിക്കാണെങ്കിൽ ഒരു മുക്കാല്തരില്ല്യ. ഇന്നാള് റിപ്പബ്ലിക്കിന്ന് സ്കൂളില് പായസംവെക്കാൻ ഒരണകൊണ്ടുകൊടുക്കാൻ മാഷ് പറഞ്ഞിട്ട് അച്ഛൻതന്നില്ല. "അതൊക്കെ വെറുതെയാ...പിന്നെകൊടുക്കാം" എന്നാ പറഞ്ഞത്. വല്ലാത്തൊരച്ഛനാണ്. അച്ഛൻെറ സ്കൂളിലാണെങ്കിൽ കൊടുക്കാത്ത കുട്ടികളോട് അച്ഛൻ ദേഷ്യപ്പെടും. ഇന്നാള് പരോലെ സുശീല അണകൊടുക്കാഞ്ഞിട്ട് അച്ഛൻ ദേഷ്യപ്പെട്ടു എന്നാ പറഞ്ഞത്. അണയില്ലാതെ നാളെ വരണ്ടാ' എന്നു പറഞ്ഞിട്ട് ആ കുട്ടി വീട്ടിൽപോയി കരഞ്ഞത്രേ. എന്നിട്ട് എന്നോട് പറഞ്ഞതോ. ഇങ്ങനെത്തന്ന്യായിരിക്കും എല്ലാ മാഷുമാരും.

ഒരു പെൺകുട്ടിയുടെ ചിത്രം കണ്ടോ? സാവിത്രിഏട്ടത്തിതന്നെ. കയ്യില് പുസ്തകമല്ല, ഒരു പൂവാണെന്നു മാത്രം. സാവിത്രി ഏട്ടത്തിക്കുമുണ്ട് ഇതുപോലെ ഒരു ചുകന്ന ബ്ലൌസും മഞ്ഞപാവാടയും. അതിന്നുമീതെ വണ്ണക്കടലാസുപോലത്തെ ഒരു നീലദാവിണിയും. കുട്ടേട്ടനാണത്രേ സാവിത്രിഏട്ടത്തിക്ക് ആ 'നൈലോൺ' ദാവിണികൊണ്ടുകൊടുത്തത്. ഒരു ദിവസം കോളേജിൽ പോയി വരുമ്പോം പാലസ്റ്റിൽക്കുടിയാണത്രെ വന്നത്. എനിക്കും അങ്ങനത്തെ ഒന്ന് കൊണ്ടുതരാൻ കുട്ടേട്ടനോട് പറയണം.

"മിണ്ടാതെ പോടീ" എന്നേ മൂപ്പര് പറയുള്ളൂ. അതിന്ന് സാവിത്രിഏട്ടത്തിയോട് കൊണ്ടുതരാൻ പറഞ്ഞാൽമതി. നല്ല ഏട്ടത്തിയാണവര്. ആ പാവാടയും ബ്ലൌസ്സും ദാവിണിയും ചുററി മുഖത്ത് പൌഡറിട്ട് ചുകന്ന ചാന്തുകൊണ്ട് ഗോപിക്കുറിയും തൊട്ടാൽ സാവിത്രിഏട്ടത്തിയെ കാണാൻ എന്തൊരു സുഖമാണ്. നനനനത്ത് ചെമ്പിച്ച രോമങ്ങളും വെളുത്ത കൈത്തണ്ടയിൽ ചരിഞ്ഞു കിടക്കുകയാണ്.

സാവിത്രിഏട്ടത്തിക്ക് എന്നോട് വലിയ ഇഷ്ടമാണ്. ഇന്നു ചോറുണ്ണാൻ വിളിച്ചിട്ട് പോവാഞ്ഞതിന്ന് ഇനി പിണങ്ങിയിട്ടുണ്ടോ ആവോ. ഇന്നാള് എനിക്ക് പൌഡറും ചുകന്ന ചാന്തിൻെറ ഗോപിയുംതൊട്ടുതന്ന് തലമുടി കുതിരവാലാക്കി, കെട്ടിത്തന്നു. 'പോണീടെയിൽ' എന്നാണ് അതിന്ന് സാവിത്രിഏട്ടത്തി പറഞ്ഞത്. അതുമായി ഞാൻ വീട്ടിൽ വന്നപ്പോൾ കുട്ടേട്ടൻ പറയുന്നുകേട്ടില്ലേ "പെണ്ണ് വല്യകുളൂസ്സുകാരിയായല്ലോ" എന്ന്.

അതിന്ന് കുട്ടേട്ടനെന്താ ചേതം. അപ്പോൾ കുട്ടേട്ടൻ സാവിത്രി ഏട്ടത്തികാട്ടുന്നതു കണ്ടാലോ?

ഒരു വല്യാളുടെ ചിത്രം ഇതാ! കോട്ടും ടൈയും ഒക്കെയാണ് വേഷം! ഡോക്ടരാവും. കുട്ടേട്ടൻ പഠിച്ച് പഠിച്ച് ജയിച്ചാൽ ഒരു ഡോക്ടരാണ് ആവുക. പിന്നെ ധാരാളം പണം കിട്ടും. എന്നാണ് അച്ഛൻ ഒരിക്കൽ പറഞ്ഞുതന്നത്. പിന്നെ ബാലനും എനിക്കുംവേണ്ട പുസ്തകങ്ങളും ഉടുപ്പുകളും കുട്ടേട്ടനാണ് വാങ്ങിത്തരുക. ഞാൻ ഹൈസ്ക്കൂളിന്നു ജയിച്ചാൽ കോളേജിൽപോയിചേരും. അപ്പോൾ കുട്ടേട്ടനെപ്പോലെത്തന്നെ വചിയ കട്ടിയുള്ള രാമായണംപോലത്തെ പുസ്തകാവും എൻേറതു മുഴുവൻ. ഞാൻ ദിവസം കോളേജിൽ പോകുമ്പോൾ സാരിയാണുടുക്കുക. ഞങ്ങളെ സരോജനിടീച്ചറെപ്പോലെ പച്ച പുള്ളിയുള്ള ബ്ലൗസും ഇളംനീല സാരിയും. എന്തൊരു ഭംഗിയാണ്. ടീച്ചറ് അടുത്തുക്കൂടെ പോകുമ്പോൾ നല്ല മണമാണ്. എന്നേയും അതുപോലെ മണക്കണം.

സാവിത്രിഏട്ടത്തീടെ മുറിയില് എന്തൊരു മണമാണ്. എനിക്ക് ഇനി അത് കൊറച്ച് തരാൻ പറയണം. അപ്പളക്ക് എങ്ങന്യാ? ഏട്ടത്തിക്ക് എന്നെ കാണുമ്പോൾ ഒരുന്നൂറ് കൂട്ടംചോദിക്കാനുണ്ടാവും. അപ്പോൾ ഞാൻ ചോദിക്കാൻ വിചാരിച്ചതൊക്കെ മറന്നുപോകും.

അന്ന് സാവിത്രിഏട്ടത്തീടെ മേശപ്പുറത്തുള്ള കട്ടിയുള്ള വലിയ പുസ്തകത്തിൽ ചിത്രം നോക്കുമ്പോൾ സാവിത്രി ഏട്ടത്തി ചോദിക്ക്യാണ്. "നിൻെറ കുട്ടേട്ടനെന്താ അവിടെ എപ്പഴും പണി? ഇവിട്യെങ്ങും കാണലില്ല്യല്ലോ?"

എന്തിനാ ഏട്ടത്തിക്ക് കുട്ടേട്ടനെ? ഇനി വല്ലതും കൊണ്ടരിക്കാനുണ്ടാവും.

"എനിക്കറിയില്ലേ...എപ്പളും എഴുത്തുതന്ന്യാ പണി"

"എന്തൊക്കയൊ എഴുതാറ്"

"എന്തോ കഥകളാണത്രെ. വല്യകഥക്കാരൻന്നാ അമ്മ എടക്ക് ദേഷ്യം വരുമ്പം പറയല്."

"ആരെപ്പററിയാ കഥഎഴുതല്?" എനിക്കറിയില്ല. അല്ലാതെന്താ പറയേണ്ടത്. ആരെപ്പററിയാ എഴുതുകയെന്ന് ഞാനെങ്ങന്യാ അറിയുക. ഞാനെററ മേശേൻെറ അടുത്തുക്കൂടെ പോവാൻ തൊടങ്ങിയാൽ മതി. അപ്പളക്കും തൊള്ളയിടും. ആരെപ്പററിന്നാ ഏട്ടത്തിയോട് പറയേണ്ടത്?

"സാവിത്രി ഏട്ടത്തിയെപ്പററി തന്ന്യാവും."

"പോ കള്ളിപ്പെണ്ണേ" ഏട്ടത്തിക്ക് അത് പിടിച്ചിട്ടില്ല. എന്നിട്ട് ഏട്ടത്തി എന്നെ വേദന്യാവാതെ ഒന്നുനുള്ളി. ഞാൻ പൊട്ടിച്ചിരിച്ചപ്പോൾ ഏട്ടത്തിയും ചിരിച്ചു. ഏട്ടത്തിക്കെന്തൊര് കൊറവ് അതു പറഞ്ഞപ്പോ.

"ഇന്നാളല്ലേ സാവിത്രി ഏട്ടത്തിക്ക് ഉപന്യാസം എഴുതീരുന്നു". അവള് പിന്നേയുംപറഞ്ഞു.

"ആരുപറഞ്ഞു ഉപന്യാസാന്ന്."

"കുട്ടേട്ടൻ"

"ആരോട്?"

"കേശവേട്ടനോട്"

"എനിക്കാണെന്ന് പറഞ്ഞോ?"

"ഇല്ല."

"പിന്ന്യെങ്ങനെ നീയറിഞ്ഞു?"

"ഞാനങ്ങട്ട് പറഞ്ഞതുതന്നെ."

നളിനി പൊട്ടിച്ചിരിച്ചു വീണ്ടും ഏട്ടത്തി അടിക്കാൻവന്നു. അപ്പോൾ അവിടന്ന് ഓടിപ്പോന്നു. പോരുമ്പോൾ വിളിച്ചുപറഞ്ഞത്, ഓ കുട്ടേട്ടനോട് പറയാൻ മറന്നു. ഏട്ടത്തീടെ വായിക്കാൻ വാങ്ങിയ പുസ്തകം, വൈകുന്നേരംതന്നെ മടക്കിക്കൊടുക്കാൻ പറയണം എന്ന് പറഞ്ഞയച്ചിരുന്നു. ഇനിന്നു വരട്ടെ എനിട്ടു പറയാം.

"എടീ ഒറങ്ങ്യാണോ, കുട്ടേട്ടൻ വര്ന്ന്ണ്ട്. വേഗം വായിച്ചോ." അമ്മയുടേതാണ് ശബ്ദം.

ഓ, കുട്ടേട്ടൻ ഇവിടെ അടുത്തെത്തി. പുസ്തകം വേഗം കൊണ്ടുവെക്കണം. അല്ലെങ്കിലാപത്താണ്.

കുട്ടേട്ടൻ പുസ്തകം കണ്ടു എന്നാ തോന്നുന്നത്. ഇപ്പോൾ കേൾക്കാം ദേഷ്യപ്പെടല്...... തലക്ക് മുട്ടേടാ......? ചെവിമാത്രം പിടിക്കാഞ്ഞാൽ മതിയായിരുന്നു...... ഈശ്വരാ, അച്ഛനൊന്ന് ഇപ്പം വരാൻ......

ഓ, എന്താ കുട്ടേട്ടനൊന്നും മിണ്ടാത്തത്! രാവിലത്തെ വ്യസനം തന്ന്യാവും. എങ്ങും ഇരിക്കുന്നുല്ല്യ. അടുക്കളയിലേക്ക് പോയി 'കാപ്പി ഇല്ല്യേ' എന്നു സാധാരണപോലെയുള്ള ചോദ്യവുമില്ല്യ.

“കുട്ടാ, വന്ന് കാപ്പികഴിച്ചോ” അമ്മയാണ് പറഞ്ഞത്.

“എനിക്കു വേണ്ട.”

“എന്തേ?”

“ഒന്നൂല്ല്യ.”

“ഫീസിന്റെ കാര്യമെന്തായി?”

“ഒന്നൂല്ല്യ. നാളെ മുതൽക്ക് കോളേജിൽ പോണ്ട.”

“ഏ......?”

അമ്മ ഉമ്മറത്തേക്ക് ഓടിവന്നപ്പോൾ വിയർത്ത ഷർട്ടഴിച്ചുവെച്ച് കുട്ടേട്ടൻ കസാലയിൽ മലർന്നു കിടക്കുകയായിരുന്നു.

അപ്പോൾ കുട്ടേട്ടൻ ഇനി കോളേജിൽ പോവില്ലേ? ഡോക്ടരാവില്ലേ? പിന്നെ എനിക്കാരാ സാവിത്രി ഏട്ടത്തീടെ വർണ്ണക്കടലാസുപോലത്തെ നില ഓവിണി വാങ്ങിത്തരാൻ...... രാമായണം പോലത്തെ കട്ടിയുള്ള പുസ്തകങ്ങൾ വാങ്ങിത്തരാൻ......

സരോജിനി ടീച്ചറടേതുപോലത്തെ നീല ബ്ലൗസും സാരിയും വാങ്ങിത്തരാൻ......

അല്ല്യ, അമ്മയും കരയുകതന്നെയാണോ? എന്തിനാ ഇവരൊക്കെ കരയ്ണ്.

ഓ, അച്ഛൻ വര്ന്ന്ണ്ട്. അച്ഛൻ ഫീസിന് പണം കൊണ്ടോര്ന്നുണ്ടാവും.

“പറമ്പ് പോയത്തന്ന്യാണ്.” അച്ഛനെന്താ പറയണ്. കുട്ടേട്ടന് ഫീസോ?

“ഞാനും മൊതലാളീം ആയിട്ട് തെറേറണ്ടി വന്നു. തരില്ല്യാന്നുതന്നെ ഒറപ്പിച്ച് പറഞ്ഞു.”

“ഏ? പറമ്പും പോയോ?” അല്ല്യ, അമ്മയും കരയുകതന്ന്യാണോ? എന്തിനാ ഇവരൊക്കെ കരയണ്.

കേശവേട്ടൻ ഇന്നാള് കോളേജിൽ പോവാതെ ഫീസ്സിനുള്ള പണവുംകൊണ്ട് ഗുസ്തിമത്സരത്തിനും സിനിമക്കുമല്ലേ പോയത്. പിന്നെ ഫീസു കൊടുക്കാത്തതിന്ന് പൊറത്താക്കിയപ്പൊ കേശവേട്ടന്റെ അമ്മേം അച്ഛനും കരഞ്ഞില്ല്യല്ലോ?

ബാലൻ നേരത്തെ സ്ലേററും പുസ്തകവും തലക്കു വെച്ച് ഉറങ്ങിക്കഴിഞ്ഞിരുന്നു. നളിനി എല്ലാവരുടേയും മുഖത്തുനോക്കി അന്ധാളിച്ചിരുന്നു. അവൾക്കൊന്നും വ്യക്തമായി മനസ്സിലായില്ല.

കവിളിൽക്കൂടി കുതിച്ചുചാടുന്ന തുള്ളികൾ തുടച്ചുനീക്കി അവൻ പറയണമെന്നു വിചാരിച്ചിരിക്കണം, “നളിനീ, നീയിപ്പോൾ കുട്ടിയാണ്. നിനക്കിപ്പോൾ ഇതൊന്നുമറിയില്ല. വലുതാകുമ്പോൾ നിനക്കുമുണ്ടാവും എന്നെപ്പോലെ നിർഭാഗ്യവും കുറെ പ്രതീക്ഷകളും. അതില്ലാത്ത മനുഷ്യരില്ല. ജീവനുള്ള പ്രതീക്ഷകൾ ചിറകിട്ടടിക്കുമ്പോൾ നിർഭാഗ്യത്തിന്റെ പൊടിപടലങ്ങൾ കണ്ണിൽ വീഴുന്നു. അതാണെന്റെ കണ്ണുകൾ നിറഞ്ഞത്.”

# പരീക്ഷാഫലം:—

(യം. കെ. പ്രഭാകരൻ, പി. യു. സി.)

നേരം നന്നെ വൈകി. സ്വച്ഛമായ ആകാശത്തിൽ തങ്കക്കസവുപോലെ പ്രകാശം തിങ്ങിനിന്നിരുന്നു. കതിരവൻ കടന്നുപോയ വഴിത്താരയിൽ പൊഴിഞ്ഞുവീണ പ്രകാശകണികകൾപോലെ താരങ്ങൾ പ്രത്യക്ഷപ്പെട്ടു. അന്തിത്തിരികൾ വീടുതോറും കൊളുത്തിത്തുടങ്ങി. അങ്ങിനെ നിശാദേവി തങ്കക്കസവുതട്ടവുമണിഞ്ഞ് വരവായി.

വഴിവക്കിലേക്കുനോക്കി, സുകു ആ മൺകുടിലിൽ ആരേയോ കാത്തുകൊണ്ടിരിക്കയാണ്. നക്ഷത്രങ്ങളുടെ അരണ്ടവെളിച്ചത്തിൽ ആ കൊച്ചുകുടിൽ കുപ്പക്കൈപോലെ കാണപ്പെട്ടു. പ്രശാന്തവും പ്രകൃതിരമണീയവുമായ ആ കുഗ്രാമത്തിന്റെ ഹൃദയത്തിൽ അന്തിത്തിരിപോലും കൊളുത്താതെ ഒരു കൊച്ചുകുടിൽ മാത്രം ഉറക്കംതൂങ്ങിനില്ക്കുന്നു...അതിനുള്ളിൽ ഒരു മനുഷ്യജീവിയിരുന്ന് നെടുവീർപ്പിടുന്നു, സുകു... കാലചക്രംപോലെ അവന്റെ തല കറങ്ങുകയാണ്.

അവൻ വെളിയിലേക്കിറങ്ങി. ചുററിലും വീടുകളുണ്ട്. അവിടെയെല്ലാം ആളും അനക്കവുമുണ്ട്. പക്ഷെ..., അവന്റെ കണ്ണുകൾ തറച്ചുനില്ക്കുന്നത്, കുറച്ചുമാത്രം ദൂരമുള്ള ആ വീട്ടിന്റെ വരാന്തയിലേക്കാണ്. അവിടെ ദേവിയും വിജയനും ഇരുന്ന് 'കാരംസ്' കളിക്കുകയാണ്. 'മക്കറി' ലൈററിന്റെ പ്രകാശത്തിൽ അവരുടെ മുഖം സുകുവിന്നു വ്യക്തമായി കാണാമായിരുന്നു. സുകുവിന്റെ സഹപാഠികളാണവർ. കാലചക്രംപോലെ അവക്കു മീതെ പങ്ക കറങ്ങുകയാണ്.

സുകു, അവരൊന്നിച്ചാണ് പള്ളിക്കൂടത്തിൽ പോകുന്നതും തിരികെ വരുന്നതും. അവൻ, അവരോടൊത്തു കളിക്കാറുണ്ട്...പക്ഷെ...അവക്കിടയിലായി ഒരു മുള്ളുവേലി കെട്ടിയിട്ടുമുണ്ട്. സുകുവിന്നതു് ഏറെക്കുറെ മനസ്സിലായിട്ടുമുണ്ട്... ദേവിയും വിജയനും പണക്കാരാണ്, സുകു പാവപ്പെട്ടവനാണ്.

അവരുടെ 'അപ്പൻ' കാറിൽകയറി ഓഫീസിലേക്കു പോകുമ്പോൾ, സുകുവിന്റെ 'അപ്പൻ' സൈക്കിൾറിക്ഷയും ചവുട്ടി ടൗണിലും പരിസരങ്ങളിലും ചുററിത്തിരിയുകയായിരിക്കും.

സുകു, ചിലപ്പോഴൊക്കെ ചിന്തിക്കാറുണ്ട്, എന്തിനുവേണ്ടി അവനാ മൺകുടിലിൽ ജനിച്ചു? അവനും ഒരു മണിമാളികയിൽ ജനിച്ചുകൂടാമായിരുന്നില്ലേ? അവനും അവക്കും തമ്മിലെന്താണ് വ്യത്യാസം?...ദേവിയും വിജയനും സ്കൂളിൽ പോകുന്നു......പിന്നെയെന്താണ് വ്യത്യാസമുള്ളത്...?

ദേവിയും വിജയനും പണക്കാരാണ്....

സുകു, പാവപ്പെട്ടവനാണ്......അതിന്നപ്പുറം ചിന്തിക്കാൻ അവന്റെ ചിന്താശക്തി വളന്നിട്ടില്ല. സുകുവിന്ന് ഈ ലോകത്തിൽ ബന്ധപ്പെട്ടവനായി ഒരാൾ മാത്രം ഉണ്ട്. ഓമ്മയായതുമുതൽ ഇന്നുവരെ അവനങ്ങിനൊരു മനുഷ്യനെ കാണുന്നു. അവനയാളെ 'അപ്പ'നെന്നും വിളിക്കുന്നു. എല്ലാററിനും ഉപരിയായി സുകു അയാളെ സ്നേഹിക്കുന്നു. അത്രമാത്രം.;

അയാൾ കാലത്ത് സൈക്കിൾറിക്ഷയുമായി ടൗണിലേക്ക് പോകും. പകലന്തിയോളം റിക്ഷ ചവിട്ടും. രാത്രിയാകുമ്പോൾ മൂക്കററം കുടിച്ച് വീട്ടിൽ വരും. ഇതാണ് അയാളുടെ ദിനചര്യ. അയാൾക്ക് കുടിക്കുന്നതുകൊണ്ട് യാതൊരു ഭാവഭേദവും ഉണ്ടാകാറില്ല. ശരിയായി പറയുകയാണെങ്കിൽ അപ്പോളായിരിക്കും അയാൾ നല്ലവനായിത്തീരുക. ചിലപ്പോഴൊക്കെ സുകു ചോദിക്കാറുണ്ട്, "അപ്പനെന്തിനാ കുടിക്കണെ"ന്ന്. അപ്പോഴെല്ലാം അയാൾ തെല്ലു മൂകനായി പറയും, "ക്ഷീണം മാററാനാമോനേ"ന്ന്. അതു ശരിയായിരിക്കാം.

പക്ഷെ...ആ "ക്ഷീണംതീക്കൽ" അയാളെ മറെറാരു ഇറയിലേക്ക് അടുപ്പിക്കുന്ന വിവരം ആ പാവം അറിഞ്ഞതേയില്ല.

സുകു, ജീവിതത്തിൽ "അമ്മ"യെന്ന് വിളിച്ചിട്ടില്ല. വിളിക്കാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല; വിളിക്കാൻ ആളില്ലാത്തതുകൊണ്ടുതന്നെ...അവനതിനെപ്പററി അപ്പനോട് ചോദിക്കും. "അപ്പാ...ന്റമ്മയെവിടെപ്പാ"...എന്നാൽ അവന്ന് ഇന്നുവരെ അതിനു ഉത്തരം കിട്ടിയിട്ടില്ല; അതോടൊപ്പം അറിയുവാനുള്ള ആഗ്രഹവും തലപൊക്കിക്കൊണ്ടിരിക്കുകയാണ്. സുകു, അമ്മയെ

പ്പററി എന്തെങ്കിലും ഒരു ചോദ്യം ചോദിച്ചാൽ അയാൾ സംസാരം മററൊരു വഴിയ്ക്കു വേഗം തിരിച്ചുകളയും......

സുകുവിനെ ആ മനുഷ്യൻ അതിരററ വാത്സല്യത്തോടെ സ്നേഹിക്കുന്നുണ്ട്. അത് സുകുവിനും അറിയാം. അയാൾക്കവനെ പഠിപ്പിയ്ക്കണമെന്ന് ആഗ്രഹമുണ്ട്. പഠിപ്പിയ്ക്കുന്നുമുണ്ട്. ഒൻപതു വയസ്സുള്ള സുകു ഇന്നു ആറാം സ്റ്റാൻഡേർഡിൽ പഠിക്കുകയാണ്. അവനു വേണ്ടതെല്ലാം ചോദിച്ചറിഞ്ഞ് ആ 'അപ്പൻ' വാങ്ങിക്കൊടുക്കും. അയാൾ അവനെ ചിലപ്പോഴൊക്കെ റിക്ഷയിൽ കയററി ടൌണിൽ കൊണ്ടുപോകും. അവന് അയാൾ കഴിവിന്നനുസരിച്ചുള്ളതെല്ലാം വാങ്ങിക്കൊടുക്കും...കൂട്ടുകാരൊക്കെ ചോദിക്കും, "പയ്യനേതാ" അതിന്ന് അയാൾ പറയുന്ന മറുപടി കേൾക്കാൻവേണ്ടി സുകു വെമ്പൽകൊള്ളും; കാർമുകിൽ കാത്തുനില്ക്കുന്ന ഒരു വേഴാമ്പലിനേപ്പോലെ. പക്ഷെ...സുകുവിന്ന് ആ മറുവടി കേൾക്കാൻ ഇനിയും സാധിച്ചിട്ടില്ല.

ഒരു ദിവസം വീട്ടിൽവെച്ചു സുകു, അപ്പനോട് ചോദിച്ചു. "ഞാനപ്പന്റെ മോനല്ലേപ്പാ?" പെട്ടെന്ന് അയാളുടെ മുഖത്തു ഒരു കരിനിഴൽ വീശി. അതുവരെ ഉജ്ജ്വലമായി പ്രകാശിച്ചിരുന്ന സൂര്യബിംബം ആറിത്തണുത്ത ഒരു ചന്ദ്രബിംബംപോലെയായി. അയാളുടെ കണ്ണുകൾ നിറഞ്ഞു. ചുളിവീണ് ഒട്ടിയ കവിളിൽക്കൂടി പളുങ്കുമണികൾപോലെ നയനബാഷ്പം ഉരുണ്ടുവീണു. "സു.....കു......" അയാളവനെ വാരിയെടുത്ത് നെറുകയിൽ ചുംബിച്ചു. "അപ്പാ"...ഇരുവർക്കും തെല്ലുനേരത്തേയ്ക്ക് ശബ്ദിയ്ക്കാൻ കഴിഞ്ഞില്ല. അവരുടെ സ്നേഹത്തിന്റെ ഭാഷയ്ക്ക് വാക്കുകൾ ഇല്ലായിരുന്നു.

* * * *

സുകു ഇന്ന് സിക്സ്ത്ത്ഫോമിൽ പഠിക്കുകയാണ്. ഇന്നു ആ വീട്ടിലെ ഏതാണ്ട് എല്ലാ ചുമതലകളും അവനിൽ നിക്ഷിപ്തമാണ്. അപ്പന്നു ഇന്ന് പണ്ടത്തെപ്പോലുള്ള ആരോഗ്യമില്ല; പഴയതുപോലെ കിണഞ്ഞു പരിശ്രമിയ്ക്കുവാനും സാദ്ധ്യമല്ല.....പണ്ട് കാറുകളെക്കൂടി തോല്പിച്ച് മിന്നൽവേഗത്തിൽ പാഞ്ഞുപോയിരുന്ന റിക്ഷ ഇന്നു ഇഴഞ്ഞിഴഞ്ഞാണ് നീങ്ങുന്നത്. ക്ഷീണം തീർക്കലിന്നുള്ള കുടി ഇന്ന് അയാളെ ഭയങ്കരമായ ക്ഷയത്തിന്റെ ഇരുണ്ട കൂപത്തിലേയ്ക്ക് ആഴ്ത്തിവിട്ടിരിക്കയാണ്. പക്ഷെ...ആ ഇരുട്ടിലും അയാൾ തപ്പിത്തടയുന്നു. സുകുവിനെ പഠിപ്പിക്കുവാൻവേണ്ടി...സുകു അയാളുടെ വിഷമതകളറിഞ്ഞ്, ഉത്സാഹിച്ചു പഠിക്കുന്നുണ്ട്. ക്ലാസ്സിൽ ഏതാണ്ടു ഉയർന്ന് പാസ്സാകുമെന്ന കൂട്ടത്തിലാണ്, സുകു.

സുകുവിന്റെ പരീക്ഷ അടുത്തുകഴിഞ്ഞു. അവൻ രാത്രി പകലാക്കിയിരുന്ന് പഠിയ്ക്കുകയാണ്......അപ്പൻ സുകുവിനോട് ചോദിയ്ക്കും, "പണമൊക്കെ കെട്ടിവെച്ചടാ മോനെ"...... എന്ത്? അയാൾക്ക് അത്യധികം ശുഷ്കാന്തിയുണ്ട് സുകുവിന്റെ കാര്യത്തിൽ, "അവനെ പഠിപ്പിച്ച് ഒരു നിലയിലാക്കുക," അയാളുടെ കരളിന്റെ കോണിലിരുന്ന് ആരോ മന്ത്രിയ്ക്കും...അങ്ങിനെ ആ പരീക്ഷകളുടെ ബീഭത്സങ്ങളായ കാളരാത്രികളും തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു.

* * * * *

വിദ്യാർത്ഥികളുടെ ഹൃദയം കിടുകിടെ വിറപ്പിയ്ക്കുന്ന ആ ദിവസവും വരുന്നു. പരീക്ഷാഫലം. എല്ലാവരും അത് അറിയുവാൻ കാത്തിരിയ്ക്കുകയാണ്. അക്കൂട്ടത്തിൽ സുകുവും കൂട്ടുകാരും ഉണ്ടായിരുന്നു. "എന്നെടാ അറിയുന്നത്" അയാൾ, അത്യാർത്തിയോടെ ചോദിച്ചു.

"പത്താംതിയതി", സുകു പറഞ്ഞു...

ഇനിയും ഏഴു ദിവസമുണ്ട്. അയാൾ വിരൽ കൂട്ടി കണക്കാക്കിയശേഷം പറഞ്ഞു. ആ ഏഴു ദിവസംകൂടി കഴിഞ്ഞാൽ ഏതോ ഒരു തരണം ചെയ്ത സംതൃപ്തി ഉണ്ടായേക്കാം..... അയാൾ ഏതോ ഒന്നിന്റെ വിളവിനുവേണ്ടി വിത്ത് പാകിയിരിയ്ക്കുയായിരുന്നു. അത് കതിരായി, കററ കൊയ്യുവാൻ വെമ്പൽകൊള്ളുകയാണ്. അന്ന് അയാൾ പതിവിലേറെ കുടിച്ചു! പതിവിലേറെ ചുമച്ചു. അയാൾ കുടിച്ച് ബോധംകെട്ടത് ജീവിതത്തിൽ അന്നാദ്യമായിട്ടാണ്. ആ അബോധാവസ്ഥയിലും അയാൾ പുലമ്പാറുണ്ട്, "ഏഴു ദിവസംകൂടി കഴിഞ്ഞാൽ..."

അങ്ങിനെ ആ ദിവസങ്ങൾ തടസ്ഥമില്ലാത്ത പ്രവാഹംപോലെ, നീങ്ങുകയാണ്...ഇനി 'റിസൽററ്'റിയാൻ ഒരേ ഒരു ദിവസംകൂടിയേ ഉള്ളൂ. അയാൾ സുകുവിനോട് നൂറുവട്ടം ചോദിച്ചു. "നീ ജയിയ്ക്കുമൊടാ മോനേ?" "തീർച്ചയായും ജയിയ്ക്കുമപ്പാ" അവൻ നിസ്സങ്കോചം തീർത്തുപറഞ്ഞു.

അയാൾ ആ രാത്രി ഒരു വിധത്തിൽ തള്ളിനീക്കി...അങ്ങ് ചക്രവാളത്തിൽ ബാലസൂര്യൻ ശോണിമ പരത്തിക്കൊണ്ട് ഉയർന്നുപൊങ്ങി.

പുലരിയുടെ തേരൊലികേട്ട് അയാൾ ചാടി എഴുന്നേററു.

"സുകു;" "ന്താപ്പാ." ഇന്നല്ലടാ ജയിച്ചോന്നറിയുന്നത്?" "അതേപ്പാ."

"ഞാനൊന്ന് റോഡിലോട്ട് പോട്ടെ മോനേ?" അയാൾ ചോദിച്ചു.

"ഞാൻ പോകാം," സുകു, പറഞ്ഞു.

"വേണ്ടെടാ, ഞാൻ പോയി വേഗം വരാം. നീ ഇത്തിരി കാപ്പിയുണ്ടാക്ക്."

അയാൾ റിക്ഷയിൽ കയറി.

"അപ്പാ" സുകു, പുറകിൽനിന്നും വിളിച്ചു. അത് ഒരു അപശകുനമായിരുന്നോ? എന്നാൽ അയാൾ അത് ഒരു അപശകുനമായി കണക്കാക്കിയില്ല. "എന്താമോനേ" അയാൾ തിരിഞ്ഞു നിന്നു.

"അപ്പനെൻെറ നമ്പരറിയാമോ?"

"ഏ...ങ്ങ്...ഇല്ല."

"അറുപത്തഞ്ചു്, ഇരുന്നൂററി അയമ്പത്തേഴ്"

"നീ ഒന്ന് കുറിച്ചുതാടാ മോനേ."

സുകു തൻെറ പേരും നമ്പരും ഒരു തുണ്ടു കടലാസ്സിൽ കുറിച്ചുകൊടുത്തു. അയാളതുകൊണ്ടു് വേഗം ടൌണിലേയ്ക്കു് തിരിച്ചു.

അയാൾ ടൌണിലേയ്ക്കു് വേഗം ചവുട്ടി. മഴ 'ചനുപിനാ' പെയ്യുവാൻ തുടങ്ങി. അയാളതൊന്നും വകവെയ്ക്കാതെ വേഗം ചവിട്ടി. യാത്രക്കാർ പലരും അയാളെ വിളിച്ചു. "റിക്ഷാ... റിക്ഷാ..." അയാളവരെ ഗൌനിച്ചില്ല.

അയാൾ ടൌണിലെ പ്രധാന പീടികയിൽ റിക്ഷയിൽ നിന്നും ചാടിയിറങ്ങി. പത്രംവന്നോ സാറേ?" ധിറുതിയിൽ അവിടെ കൂടിയിരുന്നവരോട് അയാൾ ചോദിച്ചു.

"എന്തിന്നാ?"

"ഈ നമ്പറ് ജയിച്ചോ, നോക്കു സാറേ."

"അറുപത്തിയഞ്ചു...ഇരുന്നൂററി..." ഒരാൾ പത്രം കൈയിലെടുത്തു.

"അതേ അറുപത്തിയഞ്ചു...ഇരുന്നൂററി......"
"ജയിച്ചെടോ, ഫസ്റ്റ് ക്ലാസ്സിൽ ജയിച്ചു."

"സുകു..." അയാൾ സന്തോഷംകൊണ്ടു് തുള്ളിച്ചാടി.

"സുകു ജയിച്ചു."അയാൾ തന്നെത്തന്നെ മറന്നു. കണ്ണിൽ എന്തോ മൂടൽ, അയാൾക്ക് വഴി കൂടെ കാണാൻ മേല...സന്തോഷംകൊണ്ടു് കണ്ണീർക്കണങ്ങൾ അടന്നു വീഴുന്നുണ്ടു്.

മഴ ശക്തിയായി പെയ്യുന്നു. ടാർറോഡു് തെററുന്നുണ്ടു്. പക്ഷെ അയാളതൊന്നും വകവെക്കാതെ റിക്ഷ ചവുട്ടി,

"പ്...ടേ...????

പടിഞ്ഞാററുനിന്നും പാഞ്ഞുവന്ന ഒരു ഫിയററുകാറിൽ അയാളുടെ റിക്ഷ ശക്തിയായി ഇടിച്ചു. അയാൾ ഓടയിലേയ്ക്കു് തെറിച്ചു വീണു്.

സുകു കാത്തിരുന്നിട്ടും അപ്പനെ കാണുന്നില്ല. കാപ്പി നന്നെ തണുത്തു. അവൻ വെളിയിലേയ്ക്കിറങ്ങി. അവൻ ടൌണിലേയ്ക്കു നടന്നു. റോഡുമദ്ധ്യത്തിൽ ഒരു റിക്ഷയും കാറും കിടക്കുന്നു. അതിന്നടുത്തു ഒരാൾക്കൂട്ടവും. സുകു അമ്പരന്നു...

? ? ? ?

അവൻ തരിച്ചുനിന്നുപോയി. "അപ്പൻ!" സുകു ഞെട്ടി. അവൻെറ അപ്പൻ കയ്യും കാലും ഒടിഞ്ഞു് രക്തത്തിൽ കിടക്കുന്നു...

"അപ്പാ..." സുകു അലറി...

"മോ...നേ....നീ......ജ....യി...ച്ചു...എൻെറ...കടമ...നിറ...വേ...റി..."

"അപ്പാ" സുകു പൊട്ടിക്കരഞ്ഞു. അവനുവേണ്ടി പാടുപെട്ട മനുഷ്യനിതാ രക്താഭിഷിക്തനായി കിടക്കുന്നു.

"സു...കു...മോ....നേ...,ഞാൻ....നി......ൻെറ...പ്പ...ന...ല്ല..."

"ആങ്ങ്......"

"നിൻെറമ്മ...മരിയ്ക്കാൻ....സമ...യത്തു് പറഞ്ഞു....നിന്നെ....പഠിപ്പിയ്ക്കണ....മെന്നു...."
അവൻ വിക്കിവിക്കി പറഞ്ഞു, "അമ്മ......എൻെറമ്മ..."

"അതേ....മോ....നേ......നിൻെറമ്മ....നിന്നെ...അവരു്...,പെഴച്ചു...പെററു..."

ആ വാചകം പൂർത്തിയാക്കുവാൻ അയാളുടെ നാവിനു് കെല്പില്ലായിരുന്നു. മഴത്തുള്ളികൾ അയാളുടെ അന്ത്യദാഹം ശമിപ്പിച്ചു. ആ മിഴികൾ താനേപൂട്ടി. "അപ്പാ", സുകു അയാളുടെ മാറിലേയ്ക്കു് വീണു...

ആ മൺകുടിലിൽ ആ ആറിത്തണുത്ത കാപ്പി ആരേയോ പ്രതീക്ഷിച്ചു ഇരിക്കുകയാണ്...

—:ശുഭം:—

# "തത്തമ്മേ, പൂച്ച.....പൂച്ച....."

ഒ. കെ. ജോസ്പർ, (പി. യു. സി.)



ആ മാർജ്ജാരൻ മുരി നിവർന്ന് ആമിനമ്മയുടെ കാൽ മുട്ടിലുരസിക്കൊണ്ടു അങ്ങോട്ടുമിങ്ങോട്ടും ചാടിത്തുടങ്ങി. വാലാട്ടുകയും ചെവിയിളക്കുകയും ചെയ്തു. ആമിനമ്മ അതിനെപ്പിടിച്ച് മടിയിൽ ചേർത്തു തലോടിത്തുടങ്ങി.

"മ്യാ ഉ..........."

തന്റെ യജമാനത്തിയോട് നന്ദി രേഖപ്പെടുത്തിക്കൊണ്ടു അത് ശബ്ദിച്ചു. വീണ്ടും ആവർത്തിച്ചു. ഏതോ ഒരസുലഭമഹോത്സവമാഘോഷിക്കുകയായിരിക്കും.

"തത്തമ്മേ, പൂച്ച.....പൂച്ച....."

തത്തക്കൂട്ടിന്നരികിൽ നിന്ന ആലിക്കുട്ടി വിളിച്ചു പറഞ്ഞു. അതേ അക്ഷരങ്ങൾ ഒന്നുമൊഴിയാതെ തത്തമ്മയും ആവർത്തിച്ചു.

"തത്തമ്മേ, പൂച്ച.....പൂച്ച....."

അതു കേട്ടിട്ടെന്നോണം ആമിനമ്മയുടെ മടിയിൽ നിന്ന് പൂച്ച താഴോട്ട് ചാടി. വാലും തലയും ഉയർത്തി. ഒപ്പം രോമങ്ങളുയർന്നു. ഒരൊറ്റച്ചാട്ടം. ആലിക്കുട്ടിയുടെ അടുത്തെത്തി. ശബ്ദമുണ്ടാക്കിക്കൊണ്ടു അതവന്റെ കാലുകൾക്കു ചുറ്റും പ്രദക്ഷിണം ചെയ്തു.

കൊച്ചൻ അതിനെയെടുത്തു തത്തക്കൂട്ടിന്റെ അഴിയിൽ പിടിപ്പിച്ചു. പരിഭ്രമിച്ചു ചിലച്ചുകൊണ്ടു തത്ത അങ്ങോട്ടുമിങ്ങോട്ടും ചാടിത്തുടങ്ങി

"മ്യാ ഉ........"

പൂച്ചയുടെ കാലുകൾ കൂട്ടിൽ നിന്നും പിടിവിട്ട് താഴെവീണു. എന്നിട്ടും അതടങ്ങുന്ന ശ്രമമല്ല. അവന്റെ ഷർട്ടിൽ പിടിച്ചു തൂങ്ങി. പിടിവിട്ട് മുണ്ടിൽ കടിച്ചുവലിക്കുകയാണ്. അവനതിനെപ്പിടിച്ച് ശിരസ്സുയർത്തി നിർത്തി. അതെന്തോ വിചാരിച്ചു കാണും, വാൽ സ്വല്പമേ ഉയർത്തി നിന്നു ചെവിയിളക്കി.

ശിരസ്സുയർത്തി കണ്ണുകൾ വിടർത്തി രോമാഞ്ചകഞ്ചുകനായി നോക്കി നില്ക്കുന്നതു കണ്ടാൽ താൻ എന്തിനും ഒരുക്കമാണെന്നറിയിക്കുകയാണെന്നേ തോന്നൂ.

"മ്യാ ഉ......"

അതു എതിരാളിയെ വെല്ലുവിളിക്കുകയാണോ?

ആലിക്കുട്ടി അതിനെ സാവധാനമൊന്നു തടവി. കൈകൾ കൊണ്ടു മീതെയൊരു വലയം സൃഷ്ടിച്ചു.

"പ്ഫ്ഫൂ........"

ആ ക്ഷണത്തിൽ അതൊരു ചാട്ടം. "ഹൈ കഞ്ചിരാമ" എന്നു പറഞ്ഞു ആലിക്കുട്ടിയും എഴുന്നേററു.

"മ്യാ ഉ........"

ഇതെല്ലാം നിസ്സാരം. ഇനിയുമുയരത്തിൽ തനിക്കു ചാടാൻ കഴിയുമെന്നവൻ പറയുകയായിരിക്കും. ആലിക്കുട്ടി കൈ നീട്ടി പിടിക്കാൻ ശ്രമിച്ചു. പക്ഷെ—ആ 'കഞ്ചിരാമൻ' ഓടിക്കളഞ്ഞു.

"മ്യാ ഉ......"

അതവനെ കളിയാക്കുകയായിരിക്കും.

"ക്രൂ......"

പുറത്തു നിന്നൊരു ശബ്ദം. 'കഞ്ചിരാമൻ' തിരിഞ്ഞു നിന്നു ചെവി കൂർപ്പിച്ചു.

"ഏ ....."

വീണ്ടും ശബ്ദമുയർന്നു. ആദ്യത്തെ ദിക്കിൽനിന്നു തന്നെ. അവൻ തിരിഞ്ഞു നടന്നു.

"ഏ.....ഐലാ.....ഐലാ"

ഓ—ശരി മനസ്സിലായിക്കഴിഞ്ഞു. ശബ്ദം കേട്ടിടത്തേക്കു അതു ഉത്തരക്ഷണത്തിൽ കുതിച്ചോടി.

കാവണ്ടവും താഴത്തിക്കൊണ്ടു മത്സ്യക്കാരൻ നില്ക്കുകയാണ്. വിരലുകളിൽ എന്തെല്ലാമോ കൂട്ടുന്നുണ്ട്. മനസ്സ് ഏതോ നോട്ട് ബുക്കുകൾക്കിടയിലാണ്.

"മ്യാ ഉ......"

തന്റെ പ്രാർത്ഥനയുമായി അവൻ അടുത്തതന്നെ സ്ഥലം പിടിച്ചു. പക്ഷെ—മീൻകാരൻ കൊടു

ത്തെങ്കിലല്ലേ?......അയാൾ ഒന്നു രണ്ടു ചീത്ത മത്സ്യങ്ങളെടുത്ത് പുറത്തേക്കിട്ടു. അവൻ കണ്ടെങ്കിലും കണ്ട ഭാവം നടിച്ചില്ല. ആ ഇരുപ്പും നോട്ടവും കണ്ടാൽ തന്റെ മത്സ്യം ഇവിടെ ആവശ്യമില്ലെന്ന് പറയുകയാണെന്നേ തോന്നൂ.

മത്സ്യം വാങ്ങുന്നവരാരും വില പേശാതിരിക്കില്ല. ആമിനുമ്മയും തർക്കിച്ചു. നന്നായി തർക്കിച്ചു.

ചെറുതും വലുതുമായ മത്സ്യങ്ങൾ ചട്ടിയിൽ നിറച്ചു കൊണ്ടു ആമിനുമ്മ നടന്നു. അവനും അനുഗമിച്ചു. തന്റെ പ്രാർത്ഥനയോടെ!

"മ്യാ ഉ......"

ഉമ്മ മത്സ്യങ്ങൾ കണ്ടിച്ചു വൃത്തിയാക്കുകയാണ്. അവശിഷ്ടങ്ങൾ പുറത്തേക്കിടുന്നുണ്ട്. വാലും—തലയും...അവിടെ അവനും പിടിപ്പതു ജോലിയുണ്ട്. നിലമെല്ലാം വൃത്തിയാക്കേണ്ടത് അവന്റെ കടമയും ചുമതലയുമാണ്.

പക്ഷെ അതുകൊണ്ടുമവന്ന് തൃപ്തിവന്നതായി കണ്ടില്ല. ആ പ്രാർത്ഥന തുടർന്നു.

"മ്യാഉ......"

അതു മനസ്സിലാക്കിയതുകൊണ്ടോ—എന്തോ ആമിനുമ്മ ഒരു കഷ്ണം മീൻ അവനു സമ്മാനിച്ചു. കിട്ടേണ്ട താമസം അതുമായവൻ കുതികുതിച്ചു.

കുറച്ചുസമയം കഴിഞ്ഞു. ആമിനുമ്മ ജോലിയവസാനിപ്പിച്ചു വാതിലിന്നരികെ വന്നതാണ് പൂച്ചയുണ്ട് തത്തക്കൂട്ടിന്നു ചുവട്ടിൽ. ആ മത്സ്യക്കഷ്ണം അവൻ തിന്നിട്ടില്ല. ഉമ്മയെക്കണ്ടപ്പോൾ എഴുന്നേറ്റടുത്തേക്കു നടന്നു.

* * * * *

ആലിക്കുട്ടിക്കു ചായ കൊണ്ടുവെച്ചിരിക്കയാണ്. സമയം കുറെയായി. അവൻ എത്തിട്ടില്ല. കൈകഴുകാനോ മറ്റോ പോയതായിരിക്കും. 'കുഞ്ചിരാമൻ' അടുത്തിരിക്കുന്നു.

"മ്യാഉ......"

അവൻ ആലിക്കുട്ടിയെ വിളിക്കുകയായിരിക്കും. ആരും വന്നുകാണുന്നില്ലല്ലോ. ചായ ചൂടാറിയാൽ...ആ വിളി വീണ്ടും തുടർന്നു.

"മ്യാഉ......"

വളരെ തവണ പരീക്ഷിച്ചതാണ്. ഒന്നിലും വിജയിച്ചിട്ടുമില്ല. ഏതായാലും ഒരിക്കൽക്കൂടി പരീക്ഷിച്ചുകളയാം എന്നവൻ തീർച്ചപ്പെടുത്തി. ആലിക്കുട്ടി സാവധാനംവന്നു ജനലിന്നരികിൽ മറഞ്ഞുനിന്നു.

പൂച്ച ഭക്ഷണത്തിലേക്കുനോക്കി ഗൌരവത്തിലിരിക്കുകയാണ്. കൊണ്ടുവെച്ച സാധനങ്ങൾ തൊടുന്നതുപോകട്ടെ ഒന്നു വാസനിച്ചുനോക്കുക കൂടിചെയ്യാതെ ആ വിളി വീണ്ടും തുടർന്നു.

"മ്യാഉ......"

'നെയ്യപ്പ'ത്തിന്റെ മണം ആ മുറിയിലെങ്ങും വ്യാപിച്ചിരിക്കുന്നു. എന്നാൽ; ആ ഇരുപ്പുകണ്ടാൽ അവൻ അതൊന്നും അറിയില്ലെന്നേ തോന്നൂ.

ആലിക്കുട്ടിയുടെ അവസാനത്തെ പരീക്ഷണവും പരാജയപ്പെട്ടു. അവൻ മുറിയിൽ കടന്നു മേശക്കരികിലുള്ള കസേലയിലിരുന്നു. അടുത്തായി പൂച്ചയും. കോപ്പയെടുത്തു ചായകഴിച്ചു. പിന്നീട് കടിയടിക്കേണ്ട പരിപാടിയിലാണ്. നാവിലൂറിയ വെള്ളം ചായക്കൊപ്പം അകത്തായിക്കഴിഞ്ഞു.

കോപ്പ താഴെവെച്ചു. അപ്പത്തിലേക്കു കൈ വെക്കുന്നേയുള്ളു. പെട്ടെന്നു പൂച്ചചാടി നെയ്യപ്പവുമായി കുതികുതിച്ചു.

"ഇത്തിരനേരം ചായ കുടിച്ചികയിഞ്ഞോ"
ഉമ്മ വിളിച്ചു ചോദിച്ചു.

"ഓ—ഒരു നെയ്യപ്പംതിന്നാൻ ഇത്തിരപെരുത്ത നേരം വേണോ!"

പൂച്ച രക്ഷപ്പെട്ടു.
"മ്യാഉ......"
പിന്നിൽനിന്നൊരു കരച്ചിൽ.

* * * * *

ആരോ വാതിൽതുറന്നകത്തേക്കുവന്നു. വേറെയാരുമല്ല. "കുട്ടിയുടെ ബാപ്പ". പൂച്ച വാലുയർത്തിയോടി ആരാണെന്നറിയാനായിരിക്കും.

പക്ഷെ—അവൻ കരയുകയോ, ഉരസിക്കൊണ്ടു നടക്കുകയോ ചെയ്തില്ല. അല്പം ദൂരെയായി വാലുതാഴ്ത്തി നോക്കിനിന്നു.

"ങ്ങള് കെടി മാങ്ങ്യോ" ആമിനുമ്മ ചോദിച്ചു.

"ഓ—വാങ്ങിക്ക്ണു" മൂപ്പർ ടൈംപീസ് ആമിനുമ്മയുടെ കയ്യിൽ കൊടുത്തു.

"നല്ല മട്ടുണ്ട്ട്ടോ" ഉമ്മ സർട്ടിഫൈചെയ്തു.

"എവിടാ വെക്ക്ണ്. ആ അളമാറമല് വെക്കാല്ലേ." എന്നും പറഞ്ഞു അതു വാങ്ങി അവിടെ കൊണ്ടുവെച്ചു.

"മേം കാണ്ണ് പാർത്താണ്. അങ്ങനെതന്നെ നിക്കട്ടെ" ആമിനുമ്മ അവസാനിപ്പിച്ചു.

ഷർട്ടഴിച്ചുകൊണ്ടു ആലിക്കുട്ടിയുടെ ബാപ്പ മുറിയിലേക്കു കടന്നു. ആമിനുമ്മ അടുക്കളയിലേക്കും. ആലിക്കുട്ടി ടൈംപീസിനു ചുവട്ടിൽ......

"ടക്ക്..... ടക്ക്......"

അവനെടുത്തു മാററിയും മറിച്ചും തിരിച്ചും നോക്കി. ഒടുവിൽ തൃപ്തിവന്നശേഷം അവിടത്തന്നെവെച്ചു.

"മ്യാഉ......"

ആലിക്കുട്ടി തിരിഞ്ഞുനോക്കി.

* * * * *

ആലിക്കുട്ടി ബാപ്പുക്കു ചോറ് വെക്കുകയാണ്. മത്സ്യവും......മാംസവും......പൂച്ചക്കുട്ടി അനങ്ങാതെ കാവലിരിക്കുന്നു.

"ബാപ്പാ—ചോറുകൊണ്ടുവെച്ച്ക്ക്ണ്" ആലിക്കുട്ടി അറിയിച്ചു.

മൂപ്പർ പ്രവേശിച്ചു. ഊണു കഴിക്കാനിരുന്നു. പൂച്ചക്കുട്ടി എഴുന്നേററുനിന്നു. പക്ഷെ അത് ശബ്ദിച്ചില്ല. മുഖത്തേക്കുനോക്കിയതുമില്ല.

പെട്ടെന്നൊരു ക്ലറ ചുമരിൽക്കൂടെ ഓടി. അവൻ അതിൻെറ പിന്നാലെയും! ക്ലറ ഒരു പൊര ച്ചാരത്തിലേക്കു കടന്നു. അവൻ ഇളിഭ്യനായി.

"പീഹ്യൂ....."

ബാപ്പു പൂച്ചയെ വിളിക്കുകയാണ്. സ്നേഹമസൃണമായ വിളി. പൂച്ചക്കുട്ടി ആ വിളികേട്ടു. കേൾക്കാതിരിക്കയുമില്ല. അങ്ങിനെയുള്ള വിളി ആദ്യമായല്ലവൻ കേൾക്കുന്നതു. എന്നും കേൾക്കാറുണ്ട്. അതവർ വിളിക്കാതിരിക്കില്ല.

മൂപ്പർ മത്സ്യവും മാംസവും......എല്ലാംചേർത്തു ഒരു വലിയ ചോററുരുളയുണ്ടാക്കുകയാണ്. അതേതായാലും അയാൾക്കല്ലേ. അങ്ങിനെ അയാൾ ഒരിക്കലും തിന്നിട്ടുമില്ല.

"പീഹ്യൂ....."

വീണ്ടും ശബ്ദമുണ്ടാക്കി.

ആദ്യത്തെ വിളി കേൾക്കാഞ്ഞിട്ടല്ല. രണ്ടാമത്തെ വിളി അതിനെ ഒന്നുകൂടി ബലപ്പെടുത്തി.

വീണ്ടും വീണ്ടും വിളിച്ചു ബുദ്ധിമുട്ടിക്കുന്നതു അവനിഷ്ടമില്ല. വേഗത്തിൽ ഓടിയടുത്തു. മൂപ്പരുടെ കയ്യിൽനിന്നും ഒരു പിടി ചോറ് നിലത്തു വീണു.

അതേ—'ആദ്യത്തെ ഉരുള'

* * * * *

"ഏ—ഇവിടാളില്ല്യേ" പുറത്തുനിന്നാരോ വിളിച്ചുചോദിച്ചു.

"ആരാണ്" ആലിക്കുട്ടി പുറത്തേക്കു നടന്നു. കൂട്ടും പൂച്ചക്കുട്ടിയും.

"ബാപ്പ്വല്ല്യേ"

"ഉണ്ട്—എന്തിനാ"

"വരാൻ പറഞ്ഞിരുന്നു. എലി,....." തുടരുന്നതിനുമുമ്പ് "ഓ—ശരി."

"ബാപ്പ്വാ, വേടൻ വേണു വിളിക്ക്ണ്" അടുത്ത മുറിയിൽ കടന്നു ആലിക്കുട്ടി അറിയിച്ചു.

പൊക്കിളിനുമീതെ ഉടുത്തമുണ്ട്, മുട്ടിനുതാഴെ കയ്യുള്ള ബനിയനും ധരിച്ചു മൂപ്പർ പ്രവേശിച്ചു.

വേണുവിനെ നോക്കി "ങ്ങ് ആ—എടോ—ഒരെലിനെപ്പിടിച്ചാലെന്താ കൂലി."

"പന്ത്രണ്ടണ."

"അതു പോട്ടെ—മീച്ച് റൈററ്"

"പത്തണയിൽ കുറഞ്ഞു ഞാൻ പിടിക്കത്തില്ല"

"എട്ടണ തരും—ഒക്കേപ്പാ."

"ഒക്കത്തില്ല."

"എന്നാൽ പോട്ടെ."

വേടൻ തിരഞ്ഞു നടന്നു. അവൻെറ കണ്ണുകൾ പുറമുള്ള തെങ്ങിൽ ചുററി സഞ്ചരിക്കുകയാണ്. അവിടെയാണവൻെറ ശത്രു. ശത്രുവാണവൻെറ ചോറ്.

മൂപ്പർ വിളിക്കണോ വേണ്ടയോ എന്നുള്ള സംശയത്തിൽ കൈ വിരലുകളിൽ എന്തോ ചിലത് കൂട്ടിനോക്കി.

ആലിക്കുട്ടി വാതിലിന്നടുത്ത് നില്ക്കുന്നുണ്ട്. പൂച്ചക്കുട്ടി അവൻെറ കാൽക്കീഴിൽ കിടക്കുകയാണ്.

"ഒർ......"

അലാറം ശബ്ദിക്കുകയാണ്.

ആ ശബ്ദം അവിടെ പുത്തരിയാണ്. പൂച്ചക്കുട്ടി ഞെട്ടി. എന്തെന്നുള്ള ജിജ്ഞാസയോടെ കുതിച്ചു. അവനെന്തോ വിചാരിച്ചു കാണും.

പെട്ടെന്ന് മേശമേൽ കയറി. ഷെൽഫിലേക്കു ചാടി. കൈ നീട്ടിയൊരു തട്ട്.

"ച്ലിം......"

ഒരു ശബ്ദം. നിരവധി ശബ്ദം. എല്ലാവരും മുറിയിലേക്കോടി. പൂച്ചക്കുട്ടി വെളിയിലേക്കും.

ടൈംപീസ് നുറുങ്ങു നുറുങ്ങായി; ചിന്നിച്ചിതറി കിടക്കുന്നു. ചില്ലുകളും മററും മററും......

"റബ്ബേ—ൻെറ കെടി"

ആമിനുമ്മ ആർത്തു.

* * * * *

നേരം പുലർന്നെന്നറിയിച്ചുകൊണ്ടു പക്ഷികൾ ചിലച്ചു ചിറകടിച്ചു ചരിച്ചു തുടങ്ങി. ബാലാർക്കൻെറ രക്തരശ്മികൾ പാരിനൊക്കെ കണിക്കാൻ വെമ്പിക്കൊണ്ടെങ്ങും വ്യാപിച്ചു.

അടുത്ത പള്ളിയിൽ നിന്നും ബാങ്ക് വിളിച്ചിട്ട് നേരം കുറെയായി. ബാപ്പ പള്ളിയിൽ പോയിരിക്കയാണ്. ആലിക്കുട്ടി ഉണരാൻ താമസിച്ചു പോയി.

ആലിക്കുട്ടി കിടക്കയിൽനിന്നും മൂരി നിവർന്നെഴുന്നേററു. കാലുകൾ ഒന്നു മടക്കിനിവർത്തി കോട്ടുവായിട്ടുകൊണ്ടു കിണററുകരയിലേക്കു നടന്നു.

"ന്റ-വേം ബെരി, ഒരതിശ്യം കാണണങ്കില്"

ആലിക്കുട്ടി വിളിച്ചുപറഞ്ഞു.

"എന്താണ്" ആമിനുമ്മ ധൃതിയിൽ പുറത്തേക്കുവന്നു.

"ഏതായാലും ഇന്നത്തെ കണി നന്നായിര്ക്ക്ണ്."

ജീവനില്ലാത്ത നാലഞ്ചെലികൾ ഒരുവശത്ത്; പൂച്ച മറുവശത്തും. അതു കാവൽനില്ക്കുകയാണ്. ആ നോട്ടം! വേടൻ വേണുവിനെ വെല്ലുവിളിക്കുന്ന ഭാവം!......

ആലിക്കുട്ടിയുടെ ശബ്ദം കേട്ട മാത്രയിൽ പൂച്ചക്കുട്ടി അവൻെറയടുത്തേക്കോടി. കാൽമുട്ടിലുരസിക്കൊണ്ടു നടന്നു. വാലുയർത്തി തല വെട്ടിപ്പിടിച്ചു അതവൻെറ കാല്ക്കൽ ഇരുന്നപ്പോൾ, ആ സംഭവബഹുലമായ നായാട്ടിൻെറ ത്യാഗധീരമായ കഥ അതിൻെറതായ മൂകഭാഷയിൽ പറയുകയായിരുന്നുവോ!......

"മ്യാഉ......

അതെ—അതാലിക്കുട്ടിക്കു മനസ്സിലായിരിക്കണം. ആ ഭാഷയും അവനുവശമാണെന്നു തോന്നുന്നു.

"ഏതായാലും വല്യ നഷ്ടൊന്നുംല്യ." ആലിക്കുട്ടി വാലും തലയുമില്ലാതെ പറഞ്ഞു. ഒരു പക്ഷെ തൻെറ പൂച്ചക്കുട്ടിയോടുള്ള സ്നേഹം അവനെക്കൊണ്ട് അങ്ങിനെ പറയിപ്പിച്ചതായിരിക്കും.

"എന്താ നഷ്ടല്യാത്തത്"

"അല്ല—ട്ടൈംപീസ് പൊട്ടിച്ചതു വലിയ നഷ്ടല്ലാന്ന് പറ്യ......"

"ങ്ഹ്...ഉം......ആമിനുമ്മ അതത്ര കാര്യമായെടുത്തില്ല.

ആ സംസാരം അങ്ങിനെ നീണ്ടുപോയപ്പോൾ ആലിക്കുട്ടിയുടെ ബാപ്പ രംഗത്തേക്കു കടന്നുവന്നു.

*   *   *   *   *

"ക്കൊ......ക്കൊ......ക്കൊ......"

കോഴികൾ കൊക്കിത്തുടങ്ങി. കൂവുകയല്ല. സംഭ്രമജനകമായ കൊക്കൽ.

സമയം അർദ്ധരാത്രി! എല്ലാവരും സുഖനിദ്രയിലാണ്. ശബ്ദം കേട്ടിട്ടൊന്നാണം ആലിക്കുട്ടി പെട്ടെന്നെഴുന്നേററു. വേഗം വാതിൽ തുറന്നു കോഴിക്കൂട്ടിന്നടുത്തുചെന്നുനോക്കി.

"ഹാ! പാമ്പ്" ആലിക്കുട്ടി ഉറക്കെ വിളിച്ചാർത്തു.

അരക്ഷണംകൊണ്ടു ആമിനുമ്മയും ബാപ്പയും ഓടിയെത്തി. പക്ഷെ—അവരെക്കാൾ മുമ്പെത്തിയത് പൂച്ചക്കുട്ടിയാണ്.

"പാമ്പെല്ലടാ—ചേര്യാണ്" മൂപ്പർ അഭിപ്രായപ്പെട്ടു.

"അല്ല—പാമ്പെന്നാണ് ബാപ്പാ — എന്തൊരു വലിപ്പം."

"അല്ലെടാ—അതൊരു പനഞ്ചേര്യാ" ആമിനുമ്മ കാര്യത്തിൻെറ ഗൌരവം കുറച്ചു.

ചേരയെന്ന് കേട്ടപ്പോൾ ആലിക്കുട്ടിക്കു ധൈര്യം വന്നു. വേഗം പുറത്തേക്കു കടന്നു. കുറെ ഘനമുള്ള കല്ലുകൾ ശേഖരിച്ചു. എറിയാൻ തുടങ്ങി. ചേര ധൃതഗതിയിൽ ഇഴഞ്ഞു.

വേഗം കൂട് തുറന്നു. അകത്തെല്ലാം പരിശോധിച്ചു. സംശയം തീർന്നില്ല. എണ്ണിനോക്കി.

"പതിനഞ്ച്."

ഒന്നും കുറവില്ല. തൃപ്തിയായി. കൂട്ടിൻെറ വാതിൽ നല്ലപോലെയടച്ചു. വിശ്വാസം വരാതെ വീണ്ടും വീണ്ടും നോക്കി. "ശരി" അവൻ നടന്നു.

അകത്തു കടന്നു മുറിയുടെ വാതിലടക്കുമ്പോഴും ആലിക്കുട്ടി പുറത്തേക്കു നോക്കി. ഒടുവിൽ സാക്ഷയിട്ടു ശയന മുറിയിലേക്കു നടന്നു.

പക്ഷെ—അവനുറക്കം വന്നില്ല. എങ്ങിനെ ഉറക്കം വരും. അവൻ തിരിഞ്ഞും, മറിഞ്ഞും കിടന്നു. ആ കോഴിക്കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടാൽ......

ആലിക്കുട്ടി ചെവിയോർത്തു കിടന്നു. ഇലകളനങ്ങുമ്പോഴും, എലികളോടുമ്പോഴും അവന്ന് സംശയം വർദ്ധിച്ചു. അതെ—അവൻ പണമുണ്ടാക്കുന്ന ഏക ഉപാധിയാണവയെല്ലാം.

പക്ഷെ—ഒന്നു മയങ്ങിപ്പോയി.

ചേര വീണ്ടും വന്നു കൂട്ടിനകത്തു തലയിട്ടു. വാതിൽ അല്പമൊന്നിളക്കി. പക്ഷെ തല വലിച്ചില്ല. അകത്തേക്കു കടക്കാൻ ശ്രമിക്കുകയാണ്. കോഴികൾ പൂർവ്വാധികം ഉച്ചത്തിൽ കൊക്കി.

ഇത്തവണ പൂച്ചയാണാദ്യം ഞെട്ടിയുണർന്നത്. അവൻ പുറത്തേക്കു ചാടി. ചേര തല മുഴുവൻ കൂട്ടിന്നകത്തേക്കിട്ടിരിക്കയാണ്. ബാക്കി ഭാഗം പുറത്തും. പൂച്ചക്കുട്ടി സന്തോഷിച്ചു.

പെട്ടെന്നു ചാടി വാലിന്ന് കടിച്ചു. ചേര

പുറത്തു വീണു. നഖം നിവർത്തി തലക്കു കടിച്ചു. ഒടുവിൽ വിജയഭാവത്തിൽ മേലോട്ടൊരു ചാട്ടം.

ശബ്ദം കേട്ട് കോഴികൾ ഒന്നിച്ചു കൊക്കി.

"മ്യാ ഉ......"

അവൻ ആലിക്കുട്ടിയെ വിളിക്കുകയാണ്.

ആലിക്കുട്ടി ഞെട്ടിയുണർന്നു. ധൃതിയിൽ വാതിൽ വലിച്ചു തുറന്നു പുറത്തേക്കു കടന്നു.

"ഉഷാർ, വമ്പൻ" ആലിക്കുട്ടി അവനെ അഭിനന്ദിച്ചു. അവനെ പൊക്കിയെടുത്തുകൊണ്ടു ശയനമുറിയിലേക്കുപോയി.

"മ്യാഉ......"

അവനാ അഭിനന്ദനത്തിന്നു നന്ദി പറഞ്ഞു.

* * * * *

ആമിനുമ്മ വിറകുമായി ധൃതിയിൽ അടുക്കളയിലേക്കു പോവുകയാണ്. ആലിക്കുട്ടിയുടെ ബാപ്പ പീടികയിൽ പോവാൻ ഒരുങ്ങിക്കഴിഞ്ഞു. ചായ വേഗം ശരിപ്പെടണം. അല്ലങ്കിൽ വഴക്കിന്നിടയുണ്ട്.

വിറക്പുരയുടെ അടുത്തുവെച്ച് പൂച്ചക്കുട്ടി എന്തോ തിന്നുകയാണ്. ആമിനുമ്മ ശ്രദ്ധിച്ചു. കുറച്ചടുത്തേക്കുപോയി. പെട്ടന്നവരുടെ മുഖഭാവം മാറി.

"ഞമ്മളതല്ലേലും ന്നാളന്നെ ഇപ്പഹയനൊരു കോയിനത്ത്ന്ന് ക്ക്ണ്. ന്ന് ഞമ്മളേയ്നിം പിടിച്ചു. ഓ—രസം കണ്ടുപോയി. ചോറ് കൊടുക്ക്ണ കയ്യിന് കടിക്ക്ണ ജാത്യാ" ആമിനുമ്മയുടെ അന്തഃകരണം മന്ത്രിച്ചു.

താമസിച്ചില്ല. ആമിനാമ്മയുടെ കയ്യിലുള്ള വിറകുകൊള്ളി പൂച്ചയുടെ പുറത്തുവീണു. അതു ച്ചത്തിൽ കരഞ്ഞുകൊണ്ടോടി.

ശബ്ദം കേട്ടവിടെയെത്തിയ മൂപ്പരഭിപ്രായപ്പെട്ടു "ഞ്ഞ് ആ—കോയി ഞമ്മളതെന്ന്യാ"

"തത്തമ്മേ, പൂച്ച......പൂച്ച......"

കൂട്ടിന്നരികിൽനിന്ന ആലിക്കുട്ടി അതിനെ കളിപ്പിക്കുകയാണ്. അതുപോലെ തത്തമ്മയും ആവർത്തിച്ചു.

"തത്തമ്മേ, പൂച്ച......പൂച്ച......

ആലിക്കുട്ടി ചില ഭക്ഷണസാധനങ്ങൾ കൂട്ടിലേക്കിട്ടുകൊടുത്തു.

"മ്യാ ഉ......"

ഒരു ദയനീയ രോദനം. ആലിക്കുട്ടി തിരിഞ്ഞു നോക്കി.

തന്റെ പൂച്ചയുണ്ട് രക്താഭിഷിക്തനായി ഓടി വരുന്നു. അവനൊന്നു നടുങ്ങി.

"റബ്ബേ......"

അവനറിയാതെ ആർത്തുപോയി.

പൂച്ചക്കുട്ടി നേരെ വന്നു ആലിക്കുട്ടിയുടെ കാല്ക്കൽ വീണു. അടുത്ത നിമിഷം കൈകാലുകൾ വിറങ്ങലിച്ചു ചത്തു മലന്നു.

ചാടിക്കളിച്ചിരുന്ന തത്തമ്മ എന്തെന്നറിയാതെ നിന്നുപോയി.

* * * * *

സമയം സന്ധ്യ. കോഴികൾ കൂട്ടിലെത്തി. ആലിക്കുട്ടി എണ്ണി നോക്കി.

"പതിനഞ്ച്"

അതെ—അവന്റെ കോഴികൾ ഒന്നുപോലും കുറവില്ല.

അന്നു രാത്രി ഉറങ്ങാൻ പോയ ആലിക്കുട്ടിക്കുറക്കം വന്നില്ല. ആ പൂച്ചയുടെ രക്താഭിഷിക്തമായ ശരീരം അവന്റെ മുമ്പിൽ നൃത്തം വെച്ചു. മ്യാവൂ...... എന്ന ശബ്ദം അവന്റെ കാതിൽ മുഴങ്ങിയിരുന്നതു തടഞ്ഞത് കൂട്ടിലിട്ട തത്തയുടെ ശബ്ദമായിരുന്നു.

"തത്തമ്മേ, പൂച്ച, പൂച്ച!"


---

"കൊള്ളാൻ, വല്ലതുമൊന്നു കൊടുക്കാ-
നില്ലാതില്ലൊരു മുൾച്ചെടിയും
ഉദയക്കതിരിനെ മുത്തും മാനവ
ഹൃദയപ്പനിനീർപ്പൂന്തോപ്പിൽ"

"വൈലോപ്പിള്ളി"

# ഉമ്മ

പി. സി. മായൻകുട്ടി, P. U. C.



അന്തിത്തുടുപ്പ് മാഞ്ഞു തുടങ്ങുകയാണ്. അന്ധകാരത്തിൻെറ കട്ടി കൂടിക്കൂടിവരുന്നു. ഒന്നു വേഗം വീട്ടിലെത്താൻ കഴിഞ്ഞെങ്കിൽ......! എത്ര നേരമായി ഈ നടത്തം! പെട്ടിയുമേററി മുന്നിൽ നടക്കുന്ന പയ്യൻ കിതച്ചു തുടങ്ങിയിരിക്കുകയാണ്.

കറുപ്പു പുരളാൻ തുടങ്ങിയ ആകാശത്തിൻെറ പടിഞ്ഞാറെ ചരുവിൽ ഒരു സന്ധ്യാനക്ഷത്രം മെല്ലെ മെല്ലെ കണ്ണു തുറന്നു. താഴെ കതിരണിഞ്ഞ നെല്പാടമാണ്. കണ്ണെത്താത്തത്ര ദൂരത്തോളം പരന്നു വിശാലമായിക്കിടക്കുന്നു. അരിവാളിൻെറ ആഗമനമടുത്ത ഭയത്തോടെ തലയും താഴ്ത്തി നില്ക്കുകയാണാകതിരുകൾ.

......എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു. അതും ഒരു സന്ധ്യാസമയത്ത് തന്നെയായിരുന്നു. കത്തിക്കാളുന്ന വയറുമായി പെററവളന്ന വീടിനോട് അവസാനയാത്ര പറഞ്ഞിറങ്ങിയപ്പോഴും പുഞ്ചപ്പാടം കൊയ്ത്തു കാത്തുകിടക്കുകയായിരുന്നു. നീണ്ട ഏഴു വർഷങ്ങൾ കഴിഞ്ഞു. ഇന്നിതാ ആ വീടിനെ നോക്കി ഹൃദയദാഹത്തോടെ വീണ്ടും നടന്നടുക്കുകയാണ്. വളരെയേറെ പരിവർത്തനങ്ങൾ വന്ന ഒരു മനുഷ്യനേസംബന്ധിച്ചേടത്തോളം വല്ലാത്തൊരു സന്ദർഭമാണിത്. ദീർഘകാലം പിരിഞ്ഞിരുന്ന ശേഷം കുടുംബക്കാരെ വീണ്ടും കാണുക; അതൊരാനന്ദംതന്നെ. ഇക്കാക്ക വന്നാൽ പുള്ളിപ്പാവാട തയ്പിച്ചുതരുമെന്ന് കൊതിച്ചിരിക്കുന്ന കൊച്ചനുജത്തിമാരും, കൊല്ലങ്ങളായി കാത്തിരിക്കുന്ന ഉമ്മയും ബാപ്പയുമെല്ലാം അത്ഭുതപ്പെട്ടുപോകും.

ഉമ്മയും ബാപ്പയും.

...പണ്ടെങ്ങോ കഴിഞ്ഞുപോയ ബാപ്പയെ കുറിച്ചോർക്കുമ്പോൾ തേങ്ങലുകളാണ് ഹൃദയത്തിൽ. മൂന്നുമാസം, രോഗംബാധിച്ച് മരണവുമായി സമരംചെയ്തപ്പോൾ ഒരു ചില്ലിക്കാശു സഹായിക്കാനൊരാളുണ്ടായില്ല...അതെല്ലാം കഴിഞ്ഞുപോയി. ഇപ്പോഴോർത്തിട്ടെന്തുഫലം...?

ഒരിളംകാററ് വൃക്ഷങ്ങളിലലകളുണ്ടാക്കിക്കൊണ്ട് കടന്നുപോയി. ബാപ്പായുടെ 'റൂഹ്' ആ കൊച്ചുകാററിൽ അലിഞ്ഞുചേർന്നിട്ടുണ്ടോ?

...പിന്നെ ഉമ്മയാണ്. ചൂടിപിരിച്ചു കൈവെള്ളയുരിഞ്ഞ കൈകളും, കുഴിഞ്ഞ കണ്ണുകളുമായി ഉമ്മറത്തിരിക്കുകയാവും ഉമ്മ. ഒരു വലിയ നിരാശയുടെ പ്രതീകംപോലെ!

"ഇനിമോൻ ബരോ...?"

ഓ. ഉമ്മാ! ഇതാ ഈ അറിവില്ലാത്ത മകൻ വരുന്നു...

—കയ്യിൽ വേണ്ടുവോളം കാശുണ്ട്,
തുണിയുണ്ട്, കുപ്പായങ്ങളുണ്ട്,
ഉമ്മായുടെ വലിയൊരാഗ്രഹമായ കസവു തട്ടങ്ങളുണ്ട്,
എല്ലാമുണ്ട്; എല്ലാം ഉമ്മായ്ക്കുവേണ്ടിയാണ്!
പക്ഷെ...

വീട്ടിൽനിന്നിറങ്ങിയിട്ട് ഏഴുവർഷം തികഞ്ഞു. എന്നിട്ടും ഒരു കത്തുപോലും ഉമ്മാക്കയച്ചില്ല; തൻെറ മകൻ ജീവിച്ചിരിക്കുന്നുണ്ടെന്ന ഒരു നേരിയ ആശപോലും നല്കിയില്ല. അത്തരത്തിലൊരു മകൻ അറിവില്ലാത്തവനല്ലെങ്കിൽ മററാരാണ്?

ഭൂതകാലജീവിതത്തിൻെറ ദുഃഖമയമായ വശങ്ങൾ മനസ്സിൽ ഊളിയിട്ടുവരുകയാണ്...

പതിന്നാലാമത്തെ വയസ്സിൽ ബാപ്പ മരിച്ചു. അന്ന് എട്ടാംക്ലാസ്സിൽ പഠിക്കുകയായിരുന്നു. മത്സ്യം കെട്ടലാണ് ബാപ്പയുടെ ജോലി. പാതി വെളുക്കുമ്പോൾ മീൻകുട്ടയും തലയിൽവെച്ചിറങ്ങും. കടപ്പുറത്ത്നിന്ന് കുട്ട നിറയെ മത്സ്യവും വാങ്ങി പത്തു നാഴികദൂരെയുള്ള നാട്ടിൻപുറങ്ങളിൽ കൊണ്ടുവന്ന് വില്ക്കും. വഴിനടന്ന ക്ഷീണവും, വിയർപ്പിൻേറയും മത്സ്യത്തിൻേറയും ഗന്ധവുമായി ബാപ്പവന്നു കയറുമ്പോൾ വെറ

പ്പാണ് തോന്നുക. 'ബാപ്പ എന്തിന്നീപണിക്ക് പോകുന്നു? വേറെ വല്ലതിനും പോയ്ക്കൂടെ?

മീൻകെട്ടി വിററ പണംകൊണ്ടാണ് കുടുംബം പുലരുന്നത്; തന്നെ പഠിപ്പിച്ചതും. മകൻ വലിയൊരാളാവണമെന്ന്, തന്നെപ്പോലെ മീൻകെട്ടുകാരനാവരുതെന്ന് ബാപ്പക്കാഗ്രഹമുണ്ടായിരുന്നു.

താനും ആശിച്ചു. പഠിക്കണം. പഠിച്ചു വലിയൊരു മാഷാവണം. ജീവിതത്തിലെ ഏകാഭിലാഷമായിരുന്നു അത്.

...പക്ഷെ എല്ലാം വലിയവന്റെ വിധിപോലെ നടന്നു. പതിന്നാലാംവയസ്സിൽ ബാപ്പ മരിച്ചു. പിന്നെ പള്ളകഴിയാൻ വകയില്ലാതായി. ഉമ്മ മൂടിപിരിക്കും. പകലന്തിയാവോളം കൈ പുകഞ്ഞു പണിയെടുത്താൽ വീട്ടു പുലരാൻ തന്നെകഷ്ടി. പിന്നെങ്ങിനെ സ്കൂളിൽപോകും?

ഒരു ദിവസം വൈകുന്നേരം സ്കൂൾ വിട്ടുവന്നപ്പോൾ വീട്ടിൽ ഒന്നുമില്ലായിരുന്നു. വയറിൽ കത്തിക്കാളുകയാണ് വിശപ്പിന്റെ തീ. രാവിലെ അരക്കിണ്ണം വെള്ളവും മോന്തിയിട്ടാണ് സ്കൂളിൽപോയത്. വൈകുന്നേരം മടങ്ങിവരുമ്പോഴേക്ക് ഒന്നും ഇല്ലെങ്കിലോ?

പക്ഷെ ഒന്നും പറഞ്ഞില്ല. ഉമ്മയുടെ ഒററ കൈയല്ലേയുള്ളു? എന്തു ചെയ്യാൻ? കിണററങ്കരയിൽച്ചെന്ന് പച്ചവെള്ളംകോരികുടിച്ചു...ഉമ്മയുടെ കണ്ണുകൾ നിറയുകയായിരുന്നു.

"മോനേ..." ഉമ്മ വിളിച്ചു. വേദന കലർന്ന വിളി!

"ഉം...?"

"ജ്ജിങ്ങ് ബാന്നേ."

"എന്തോ ഉമ്മാ?"

ഉമ്മയൊന്നും പറഞ്ഞില്ല. അല്പനേരം എന്തോ ആലോചിച്ചിട്ടു മെല്ലെ പറഞ്ഞു:

"മോൻ നാളെമൊതല് സ്കോളിപ്പോണ്ട"

തലയിലൊരു കൊള്ളിയാൻ മിന്നി. അത് പ്രതീക്ഷിച്ചതായിരുന്നില്ല.

"എന്തുമ്മാ പോയാല്?"

"മോനേ, ഊടത്തെ സ്ഥിതി നിയ്യ് കാണ്ന്നില്ലെ? ഞാനൊററക്കല്ലെയുള്ളു?"

"അതിനെന്തുമ്മാ?"

"ജ്ജ് ണ്ടെങ്കി ഉമ്മാക്കൊരു സകായായി. ജ്ജ് സ്കോളിലും പോയാ ഉമ്മ എത്ര നാളാ ഇങ്ങനെ കഷ്ടപ്പെടാ?"

മറുപടിയൊന്നും പറയാൻ കഴിഞ്ഞില്ല. ഒരു ഗദ്ഗദം തൊണ്ടയിലോളമെത്തി പടുത്തുയർത്തിയ എല്ലാ ആഗ്രഹങ്ങളും ഇടിഞ്ഞു തകരുകയാണ്.

ഉമ്മ തുടർന്നു:

"പണക്കാര്ടെ മക്കള് പഠിച്ചോട്ടെ. ഞമ്മളപ്പോലത്തെ സാധുക്കൾക്ക് അതിന് കയ്യൂല. പടച്ചോൻ വിധിച്ചപോലെ നടക്കട്ടെ മോനെ."

പിന്നെ ഒന്നും മിണ്ടിയില്ല.

അങ്ങിനെ സ്കൂളിൽ പോകുന്നത് നിർത്തി. എട്ടാംക്ലാസിലെ കൊല്ലാവസാനപ്പരീക്ഷയ്ക്കിരിക്കുവാൻപോലും സാധിച്ചില്ല.

പിന്നെ തെണ്ടിത്തിരിയലാണ്. പല സ്ഥലത്തും പോയിനോക്കി. ആരും ഒരു ജോലിയും തന്നില്ല. ഉമ്മ തരുന്നതും കുടിച്ച് വയറും അമർത്തി നടക്കും. പിന്നെ പേട്ടയ്ക്ക് പോയി. മമ്മത്ക്കയാണ് കൂട്ടികൊണ്ടുപോയത്. അവിടെ അയാൾക്ക് നല്ല ജോലിയാണ്. രണ്ടു മുറി. ഒന്നു നിറയെ ചില്ലറ സാധനങ്ങളാണ്. മറേറത് ഹോട്ടൽ. തലക്കോഴി കൂകുമ്പോൾ കണ്ണും നുള്ളി എഴുന്നേല്ക്കണം. രണ്ടു മുറിയുടേയും മുററവും അകവും അടിച്ചുവാരി വൃത്തിയാക്കി, നിരപ്പലക മുഴുവൻ എടു വെക്കുമ്പോഴേയ്ക്കു നേരം മെല്ലെ വെളുത്തുവരുന്നുണ്ടാവുകയേയുള്ളു. അല്പം താമസിച്ചുപോയാൽ മുതലാളിക്ക് കലിതുള്ളും.

"എന്താ ഹിമാറെ, നേരം ബെളുത്ത് ഉച്ചയാവ്വോളം ഒറക്കാ? കുരക്കനെപ്പോലെ?"

—പിന്നെ പണിയാണ്. തിരക്കുപിടിച്ച പണി. രണ്ടു പീടികയും നോക്കണം. ചായ കൂട്ടണം. കടി കൊടുക്കണം. പൈസ പറഞ്ഞുകൊടുക്കണം. അതിലിടക്ക് അപ്പുറത്തെ പീടികയിലാരെങ്കിലും വന്നാൽ ഓടണം അവിടേക്ക്. അല്ലെങ്കിൽ മുതലാളിക്ക് ദേഷ്യം വരും

"എന്താ ഹിമാറെ മിഴിച്ച് നോക്ക്ന്ന് നത്തിനെപ്പോലെ? ഒരുങ്കെ ബീഡി കൊടുക്കാൻ!"

ഇങ്ങിനെ ഇടവും വലവും തിരിയാൻ നേരമില്ലാത്ത പണിയാണ് പകൽ മുഴുവൻ. രാത്രി കടിപൂട്ടിയാൽ മുതലാളിയുടെ സ്വന്തം ജോലിയുണ്ടാകും. എല്ലാം കഴിഞ്ഞു നടുവ് ചായ്ക്കുമ്പോൾ പന്ത്രണ്ട് ഒരുമണിയാവും. എന്നിട്ട് മാസാവസാനം കിട്ടുന്നതോ? പത്തുറുപ്പിക! അതുമ്മായ്ക്കു അയച്ചു കൊടുക്കും.

അതുകൊണ്ട് നാളുകൾ നീങ്ങുകയായിരുന്നു. പക്ഷെ അവിടെ അധികം നിന്നില്ല. മമ്മത്മുതലാളിയുടെ കുത്ത്വാക്കും ശകാരവും കേട്ട് കേട്ട് മനസ്സ് തഴമ്പിച്ചു. എല്ലാം സഹിക്കാം. പക്ഷെ ആത്മാഭിമാനത്തിന്റെ മേൽ കൈവെക്കുമ്പോഴാണ് സിരകളിൽ ചുടുരക്തം ഒഴുകുന്നത്.

"എന്താ പറഞ്ഞിട്ട്? മീൻകാരൻെറ മോനല്ലെ?"

അതാണ് തീരെ കേട്ടുകൂടാത്തത്.

— കുറച്ച് പണംമുള്ളൊരു പെട്ടിയുടെ അടുത്തിരിക്കുമ്പോൾ എങ്ങിനെയാണ് മനുഷ്യൻ ഇത്ര വേഗം ഒരു മൃഗമായി മാറുന്നത്?—

......"എതിലെയാ സാറെ?"

പെട്ടിയെടുത്ത പയ്യൻെറ ചോദ്യം കേട്ടപ്പോഴാണ് ചിന്തയിൽനിന്നുണർന്നത്. ഒരു തിരിവിലെത്തിയപ്പോൾ ചെക്കൻ സംശയിച്ചു.

"നേരെ നടന്നോ. തിരിയേണ്ടിടത്തെത്തിയാൽ പറയാം."

"ഇനിയും കൊറെയുണ്ടോ സാറെ?" പയ്യൻെറ ചോദ്യം.

"ഇല്ല ഇനി ഒരര നാഴിക കാണും."

"ഓ!" ചെക്കൻ ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ട് ശേഷിച്ച കാലുംകൂടി നീട്ടിവെച്ചു നടന്നു. വല്ലാതെ കിതയ്ക്കുന്നുണ്ട്—ബസ്സിറങ്ങി രണ്ടു നാഴിക നടന്നു. ഇനിയുമുണ്ട് അരനാഴിക. ആ പാവം നന്നെ വിഷമിച്ചുകാണും. കൊടുക്കണം അവനൊരെട്ടണ. അല്ല ഒരുറുപ്പികതന്നെ. ചെക്കൻ കൊണ്ടുപോയിത്തിന്നട്ടെ.

ഇപ്പോഴാണ് ഓർമ്മവരുന്നത്. പേട്ടക്ക്‌നിന്നു മുതലാളിയോട് പിണങ്ങി നാട്ടിൽവന്ന കാലം. രണ്ടുകൊല്ലം വീണ്ടും തെണ്ടിത്തിരിഞ്ഞു. ഒരുദിവസം അവറാൻമുതലാളിയുടെ ഇരുപത്തഞ്ചുസേർ നെയ്ച്ചോറിൻെറ അരി ബസ്സ്സ്റ്റാണ്ടിൽനിന്നു അയാളുടെ വീട്ടിലേക്കെത്തിച്ചു. മൂന്നു നാഴികയുണ്ട്. എന്നിട്ടു കിട്ടിയതോ? രണ്ടണ! വലിച്ചയാളുടെ മുഖത്തേക്കെറിയാൻ തോന്നി. പക്ഷെ വയറിൻെറ വിളി ഉയരുകയായിരുന്നു. പിന്നെ അയാളും ഒരു നാട്ടുപ്രമാണിയും. ഒന്നും പറയാതെ തിരിഞ്ഞുനടന്നു.

ഒരു കാപ്പിക്കടയിൽ കയറി ഒരു കട്ടൻ കാപ്പിയും കാൽറാത്തൽ പുഴുങ്ങിയ പൂളയും വാങ്ങിത്തിന്നപ്പോൾ വിശപ്പ് ഒട്ടൊന്നടങ്ങി. അപ്പോഴാണ ഉമ്മയെ ഓർമ്മവന്നത്. വിശന്നിരിക്കുകയാവും ഉമ്മ! രണ്ടുദിവസമായി പണിയെടുക്കാത്തത്. ഇന്നലെ കുറച്ചരി കടംവാങ്ങിവെച്ചതാണ്. ഇന്നൊന്നും ഉണ്ടാവുകയില്ല. ഉമ്മയെക്കുറിച്ചോർത്തപ്പോൾ തിന്നത് അപ്പടി ദഹിച്ചുപോയി.

ഓ. ഉമ്മ!

തലയിലിട്ട തട്ടം കീറിയിട്ട് ഒരു മാസമായി. വേറെയൊന്നിതുവരെ വാങ്ങാൻ കഴിഞ്ഞിട്ടില്ല. ഒന്ന് വാങ്ങിക്കൊടുക്കുവാൻ വിചാരിച്ചതാണ്. പക്ഷെ എന്തുചെയ്യാനാണ്, കീശ കാലിയായാൽ?

പതിനാറ് വയസ്സ്‌വരെ മക്കളെ നോക്കി രക്ഷിക്കേണ്ടത് ഉമ്മബാപ്പാമാരുടെ കടമയാണ്. അത് കഴിഞ്ഞാൽപ്പിന്നെ ആ കടമ തീർന്നു. പിന്നെ സ്വയം അദ്ധ്വാനിച്ചു ജീവിക്കണം.

ക്ഷീണിച്ച് എല്ലും തൊലിയുമായ ഉമ്മ അദ്ധ്വാനിച്ച് കിട്ടുന്നതുകൊണ്ടാണ് താനും കഴിയുന്നത്. അതോർത്തപ്പോൾ വളർന്നു നെട്ടംതൂണപോലെയായ തനിക്ക് ലജ്ജതോന്നി.

—അന്തിമയങ്ങിയപ്പോഴാണ് അന്ന് വീട്ടിൽ തിരിച്ചെത്തിയത്. അകത്തൊരു മരപ്പലകയിൽ കുത്തിയിരിക്കുകയാണുമ്മ! തൻെറ രണ്ടു കയ്യും മാറിമാറി നോക്കി. ചിലപ്പോൾ ഇങ്ങിനെ ചെന്നു കയറുമ്പോൾ കയ്യിൽ വല്ലതും കാണും—ഒരണയുടെ പൂളയോ, മധുരക്കിഴങ്ങോ മറേറാ. അതാണ് ഉമ്മ നോക്കിയത്.

ഉള്ളിൽ തീ കാളുകയായിരുന്നു. രണ്ടണ കിട്ടിയപ്പോൾ വല്ലതും വാങ്ങേണ്ടതായിരുന്നു.

"എടാ......"

ഉമ്മയുടെ വിളി!

"എന്താ ഉമ്മാ?"

"ഇന്നൊന്നും ഇല്ലേടാ?"

"........."

"ഇന്നൊന്നും വെച്ചില്ലാലേ. ബെശന്ന്ട്ട് ബയ്യാലോടാ......?"

കണ്ണിൽ വെള്ളം നിറഞ്ഞു തുളുമ്പി. എരിഞ്ഞുപെടയാറായ ചിമ്മിനിവിളക്കിൻെറ വെളിച്ചത്തിൽ ഉമ്മ അതു കണ്ടില്ല.

"ഉമ്മാ . !" ഗദ്ഗദം തൊണ്ടയിൽത്തടഞ്ഞു. ഒന്നും പറയാതെ ഉമ്മറത്തു ചെന്നിരുന്നു കരഞ്ഞു കുറേനേരം. പിന്നെ സാവധാനത്തിൽ ഇറങ്ങി നടന്നു. എങ്ങോട്ടെന്നില്ലാതെ. അജ്ഞാതമായൊരു ലക്ഷ്യത്തിലേക്ക് കാലുകൾ നീട്ടിവെച്ചു നടന്നു; ഇതേ പാടത്തിൻെറവരമ്പിൽക്കൂടെ.

കൊയ്യാറായ പുഞ്ചപ്പാടം. കണ്ണെത്താത്തത്ര ദൂരത്തോളം പരന്നുകിടക്കുകയാണ്.

ഒന്നു തിരിഞ്ഞുനോക്കി. ആ കൊച്ചുകുടിലിൽ അന്ധകാരം വ്യാപിച്ചിരുന്നു.

വീണ്ടും നടന്നു, മുന്നോട്ടേക്കുതന്നെ. പടിഞ്ഞാറെ ചക്രവാളത്തിലൊരു ചെറിയ നക്ഷത്രം മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. അതും നോക്കിയാണ് നടന്നത്. ചെന്നെത്തിയത് റെയിൽപാളത്തിൽ. അപ്പോഴാണ് ഓർമ്മവന്നത്—എട്ടരയുടെ വണ്ടിപോയിട്ടില്ല. സ്റ്റേഷനിലേക്കു തിരക്കിട്ടു നടന്നു. വണ്ടി വന്നപ്പോൾ 'കയറിക്കൂടി.

ദീർഘമായൊരു യാത്ര. ചിന്തകളാണ് മനസ്സ് നിറയെ. നിരാശയുടേയും ആശയുടേയും നടുവിൽ ഹൃദയം കിടന്നാടി. ടിക്കററ് എക്സാമിനരുടെ ദൃഷ്ടിയിൽനിന്നെങ്ങിനെ ഒഴിഞ്ഞുമാറി എന്നോർമ്മയില്ല.

കനത്ത ഹൃദയവുമായിട്ടാണ് വണ്ടിയിൽനിന്നിറങ്ങിയത്. മദിരാശി നഗരത്തിൻെറ ജനനിബിഡമായ തെരുവുകളിൽ ചുററിത്തിരിഞ്ഞു രണ്ടുദിവസം.

വൈകുന്നേരമാണ് ബീരാൻമുതലാളിയെ കണ്ടുമുട്ടിയത്.

ബീരാൻ മുതലാളി!

ഓ. എന്ത് നല്ല മനുഷ്യൻ

അദ്ദേഹമാണ് തൻെറ എല്ലാ ഉയർച്ചകളും കാരണക്കാരൻ.

ഇന്നുവരെ കഴിഞ്ഞു അയാളുടെകൂടെ—ലോകം നാം വിചാരിക്കുന്നത്രയൊന്നും മോശമല്ല എന്ന് അന്നാണ് മനസ്സിലായത്.

"നീയെന്താ ഒന്ന് നാട്ടിൽ പോകാത്തത്? ഒന്നുപോയി ഉമ്മാനെയെല്ലാം കണ്ടിട്ട് ബന്നൂടെ?"

കൂടക്കൂടെ അദ്ദേഹം ചോദിക്കും.

"അടുത്തകൊല്ലം പൂവ്വാമൊതലാളി."

"ഏ? അതെന്താ?"

"........."

ഓരോ പ്രാവശ്യവും ഒഴിഞ്ഞുമാറി. എന്തുകൊണ്ടായിരുന്നു ആ ഒഴിഞ്ഞുമാറൽ എന്നു വ്യക്തമല്ല.

—'ഒരു പണക്കാരനാവട്ടെ.' അന്ന് വണ്ടിയിൽ കയറിയപ്പോൾ വിചാരിച്ചതാണ്.

'എവിടെയെങ്കിലും പോയി ഒരു പണക്കാരനായി തിരിച്ചുവരിക. ഒന്നുരണ്ടായിരം ഉറപ്പികയും, പെട്ടി നിറയെ തുണിയും കുപ്പായങ്ങളും, ഒന്നിനുപകരം കുറേ കസവ് തട്ടങ്ങളുമായി വീട്ടിൽ കയറിച്ചെല്ലുക!' പടച്ചവൻെറ സഹായത്താൽ കുറേ സമ്പാദിച്ചു. ഇതെല്ലാം കാണുമ്പോൾ ഉമ്മ അത്ഭുതപ്പെട്ടുപോകും! ഉമ്മാക്കെന്താനന്ദമായിരിക്കും ഉണ്ടാവുക!

"എന്നാലും ഒരു കത്തുപോലും അയച്ചില്ലാലോടാ മോനോ?" ഉമ്മ ചോദിക്കും.

"അതെല്ലാം പോട്ടുമ്മാ......ഇനി ഉമ്മാക്കൊന്നും പേടിക്കാനില്ല."

"ങഹേ...!" ഉമ്മ അത്ഭുതത്തോടെ ചോദിക്കും.

"ഉമ്മാക്ക് എ[illegible]യുള്ളകാലം സുഖമായി കഴിയുവാനുള്ള പണം എൻേറയില് ണ്ടുമ്മാ......"

എന്നിട്ട് പച്ച നോട്ടുകെട്ടുകൾ ഉമ്മയുടെ മുമ്പിൽ എടുത്തിട്ടുകൊടുക്കും. തുണിയും കുപ്പായവും നിറച്ച പെട്ടി തുറന്നുവെച്ച് ഉമ്മാനോട് പറയും.

"അതാ. ഉമ്മാക്ക് ഇഷ്ടപ്പെട്ടത് എടുത്തോ."

എന്നിട്ട് ഒരു കസവ്തട്ടം എടുത്തു ഉമ്മയുടെ തലയിൽ കെട്ടിക്കൊടുക്കും. അപ്പോൾ ഉമ്മ ആനന്ദംകൊണ്ട് കരഞ്ഞുപോവുകയില്ലേ?

"തലയിട്ട തട്ടം കിറിയപ്പോൾ ഒന്നു വാങ്ങിത്തരാൻ കഴിഞ്ഞില്ലുമ്മാ. അതിനുപകരം ഉമ്മക്കിതാ മൂന്നെണ്ണം."

"ഹെൻെറ മോനേ...മോനെ റബ്ബുൽ ആലമീനായ തമ്പിരാൻ കാക്ക്!"

......"സാറെ?" പയ്യനാണ് വിളിച്ചത്.

"ഓ!" മുഖത്ത് പതഞ്ഞ്പൊങ്ങിയ മന്ദസ്മിതം അവൻ കാണാതിരിക്കാൻവേണ്ടി, തലതിരിക്കേണ്ടിവന്നു.

"ഏതാ?"

"അതാ. ആ കാണുന്ന വീട്." വലത്തുഭാഗത്തൊരു ചെറിയ വീടുകാണിച്ചുകൊടുത്തു.

"ആ പുല്ല്മേഞ്ഞ വീടോ?" ചെക്കൻ അതിശയത്തോടെ നോക്കി.

"ആ. അത്തന്നെ. എന്താ?"

"അവിടെ ആളില്ലല്ലോ സാറെ?"

"പിന്നെ?" തലയിലൊരു കൊള്ളിയാൻ മിന്നി.

"അവിടത്തെ ഉമ്മച്ചി എപ്പളേ മരിച്ചു പോയി!"

"ങ്ഹേ...!" ഒരു പൊട്ടൽ. ഹൃദയത്തിൽ നിന്നാണ്.

..."രണ്ടാംകൊല്ലം ഈ സമയത്ത് വസൂരിയേന്നു. അമിഞ്ഞ് നാറന്നേനു. മരിച്ചിട്ട് രണ്ട് ദിവസം ആരും പോയില്ല. രണ്ട് ദിവസം കഴിഞ്ഞപ്പോ ആരൊക്കെയോ എടുത്ത് കുഴിച്ചിട്ട്..."

ഒരുനിമിഷം! എല്ലാം ചുററിത്തിരിയുകയാണ്. ബ്രഹ്മാണ്ഡം മുഴുവൻ കീഴ്മേൽ മറിയുകയാണോ? മരിച്ചു മണ്ണടിഞ്ഞുപോയ ഉമ്മയുടെ ശോഷിച്ച കാലുകൾ നെഞ്ചത്ത് ശക്തിയായി പതിഞ്ഞതുപോലെ തോന്നി...!

"ഉമ്മാ...! ഹെൻറമ്മാ...!"